2023
MAY
23
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

സൊസൈറ്റി ടുഡേ

വയബീൻ
WAYA BEAN
WAYANADAN PRODUCTS
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

ഇറാന്റെ ഭൂഗർഭ ആണവകേന്ദ്രങ്ങൾ തകർക്കാൻ ശേഷി; ജിബിയു57 ബോംബുമായി യുഎസ്

വാഷിങ്ടൻ: ഇറാന്റെ ഭൂഗർഭ ആണവ കേന്ദ്രങ്ങൾ തകർക്കാൻ ശേഷിയുള്ള ബോംബിന്റെ ചിത്രം യുഎസ് വ്യോമസേന പ്രസിദ്ധീകരിച്ചു. മാസീവ് ഓർഡനൻസ് പെനട്രേറ്റർ എന്നറിയപ്പെടുന്ന ജിബിയു57 എന്ന ബോംബിന്റെ ചിത്രമാണ് യുഎസ് വ്യോമസേന പുറത്തുവിട്ടത്. എന്നാൽ, ആയുധത്തിന്റെ ഘടന ഉൾപ്പെടെയുള്ള വിവരങ്ങൾ അടങ്ങിയ ഈ ചിത്രം പിന്നീട് നീക്കം ചെയ്തു.

യുഎസിന്റെ ആയുധങ്ങളെ മറികടക്കാൻ ശേഷിയുള്ള ഭൂഗർഭ ആണവകേന്ദ്രം ഇറാൻ നിർമിക്കുന്നെന്ന വാർത്തകൾ വന്നതിനു പിന്നാലെയാണ് യുഎസ് ബോംബിന്റെ ചിത്രം പ്രസിദ്ധീകരിച്ചത്. മിസോറിയിലെ വൈറ്റ്മാൻ വ്യോമസേനാ താവളത്തിന്റെ ഫെയ്സ്ബുക് പേജിലാണ് ചിത്രം പോസ്റ്റ് ചെയ്തത്. ജിബിയു57 വിന്യസിക്കാൻ ശേഷിയുള്ള ബി2 സ്റ്റെൽത്ത് ബോംബർ വിമാനങ്ങളുടെ ആസ്ഥാനമാണ് ഈ വ്യോമതാവളം. ഇറാനുമായുള്ള പിരിമുറുക്കം വർധിച്ചുനിന്ന 2019 ലും യുഎസ് ഇത്തരത്തിൽ ബോംബുകളുടെ ചിത്രം പുറത്തുവിട്ടിരുന്നു.

15 ഐടി പദ്ധതികൾ ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് 100 ദിന കർമപരിപാടിയിൽ ഉൾപ്പെടുത്തി 15 ഐടി പദ്ധതികൾ മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്തു. ഡിജിറ്റൽ സർവകലാശാലയിൽ 3 പദ്ധതികൾ, സിഡിറ്റിൽ 4 പദ്ധതികൾ, കൊച്ചി ഇൻഫോപാർക്കിൽ ഒരു പദ്ധതി, ഐസി ഫോസിൽ 5 പദ്ധതികൾ, ഐ.ടി മിഷന്റെ 2 പദ്ധതികൾ എന്നിവയാണ് ഉദ്ഘാടനം ചെയ്തത്. ആധുനിക സൗകര്യങ്ങളോടു കൂടി തിരുവനന്തപുരം ഡിജിറ്റൽ സർവകലാശാലയിൽ സ്ഥാപിക്കുന്ന രാജ്യാന്തര ഹോസ്റ്റൽ സമുച്ചയം യാഥാർഥ്യമാകുന്നതോടെ ഡിജിറ്റൽ സാങ്കേതിക വിദ്യാഭ്യാസ പഠന ഗവേഷണ രംഗത്തെ ഹബ്ബായി മാറുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. 27 കോടി രൂപ ചെലവിൽ 43,500 ചതുരശ്ര അടി വിസ്തൃതിയിലാണു സമുച്ചയം നിർമിക്കുന്നത്. മറ്റുസ്ഥലങ്ങളിൽ നിന്നുള്ള വിദ്യാർഥികൾ പഠനത്തിനു വേണ്ടി കേരളത്തിൽ എത്തുന്ന സാഹചര്യമുണ്ടാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

നേത്രസെമിക്ക് 15 കോടി ധനസഹായം

ന്യൂഡൽഹി: കേരളം ആസ്ഥാനമായ സ്റ്റാർട്ടപ് കമ്പനി നേത്രസെമിക്കു കേന്ദ്ര ഐടി മന്ത്രാലയത്തിന്റെ അംഗീകാരം. സെമിക്കോൺ ഇന്ത്യ ഫ്യൂച്ചർ ഡിസൈൻ റോഡ്ഷോയിൽ മികച്ച സ്റ്റാർട്ടപ്പായി തിരഞ്ഞെടുക്കപ്പെട്ട കമ്പനിക്കു 15 കോടി രൂപയുടെ ധനസഹായം ലഭിക്കും. തിരുവനന്തപുരം എൻജിനീയറിങ് സയൻസ് ആൻഡ് ടെക്നോളജി പാർക്കിൽ ഇൻകുബേറ്റു ചെയ്ത ചിപ് കമ്പനിക്കു കേന്ദ്രസർക്കാരിന്റെ അർധചാലക ഡിസൈൻ ലിങ്ക്ഡ് ഇനിഷ്യേറ്റീവ് പദ്ധതി അനുസരിച്ചുള്ള സഹായങ്ങളാണു ലഭിക്കുക. ഡൽഹിയിൽ നടന്ന സെമിക്കോൺ ഇന്ത്യ ഫ്യൂച്ചർ ഡിസൈൻ റോഡ്ഷോയിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫിസർജ്യോതിസ് ഇന്ദിരാഭായി കേന്ദമന്ത്രി രാജീവ് ചന്ദ്രശേഖറിൽ നിന്നു പുരസ്കാരം സ്വീകരിച്ചു.

മണിപ്പൂർ വീണ്ടും സംഘർഷം: ഇന്റർനെറ്റിന് നിരോധനം

ഇംഫാൽ: മണിപ്പൂരിൽ സംഘർഷത്തെ തുടർന്ന് വീണ്ടും നിരോധനാജ്ഞ. തലസ്!ഥാനമായ ഇംഫാലിലെ ന്യൂ ചെക്കോൺ മേഖലയിലായിരുന്നു സംഘർഷം. മെയ്തി കുകി വിഭാഗങ്ങൾ ഏറ്റുമുട്ടുകയായിരുന്നു. രണ്ടിടങ്ങളിലായിരുന്നു സംഘർഷം. ഈ പ്രദേശങ്ങളിൽ സൈന്യത്തെയും അർധസൈനിക വിഭാഗത്തെയും വിന്യസിച്ചു. വെള്ളിയാഴ്ച വരെ സംസ്ഥാനത്ത് ഇന്റർനെറ്റിന് നിരോധനം ഏർപ്പെടുത്തി.

ഒരു പ്രാദേശിക ചന്തയിൽ കച്ചവടത്തിന് അനുവദിച്ച സ്ഥലം വിഭജിക്കുന്നതുമായി ബന്ധപ്പെട്ട തർക്കമാണ് ഏറ്റുമുട്ടലിലേക്കെത്തിയത്. ന്യൂ ലാമ്പ്ളേ മേഖലയിൽ നിരവധി വീടുകൾക്കു നേരെ ആക്രമണമുണ്ടായി. ഇവിടെ വീടുകൾക്കു തീയിട്ടു. ഈ സംഘർഷം സംസ്ഥാനത്താകെ വ്യാപിക്കുമോയെന്നും ആശങ്കയുണ്ട്. ഇതേ തുടർന്ന് മേഖലയുടെ നിയന്ത്രണം സൈന്യം ഏറ്റെടുത്തു.

കഴിഞ്ഞ ഒരാഴ്ചയായി ശാന്തതയിലേക്ക് മണിപ്പൂർ എത്തുന്നതിനിടെയാണു വീണ്ടും ആക്രമണം.

രാജ്യതാൽപര്യത്തിന്റെ കാര്യം വരുമ്പോൾ രാഷ്ട്രീയ കണ്ണട ഉപയോഗിച്ച് നോക്കരുത്: ഉപരാഷ്ട്രപതി

തിരുവനന്തപുരം: രാജ്യതാൽപര്യത്തിന്റെ കാര്യം വരുമ്പോൾ രാഷ്ട്രീയത്തിന്റെ കണ്ണട ഉപയോഗിച്ച് നോക്കരുതെന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻകർ. ജനാധിപത്യത്തിൽ പ്രതിപക്ഷത്തെയും കേൾക്കണമെന്നും കേരള നിയമസഭാ മന്ദിരത്തിന്റെ രജതജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്ത് ഉപരാഷ്ട്രപതി പറഞ്ഞു. നിയമസഭ പാസാക്കിയ ബില്ലുകൾ ഒപ്പിടാത്തതിന് ഗവർണറെ വേദിയിലിരുത്തി മുഖ്യമന്ത്രി വിമർശിച്ചു. ഉപരാഷ്ട്രപതിയായ ശേഷം കേരളത്തിലുള്ള തന്റെ ആദ്യ ഔദ്യോഗിക പരിപാടിയിൽ കേരളത്തെയും മലയാളികളെയും ജഗ്ദീപ ധൻകർ വാനോളം പുകഴ്ത്തി. മലയാളികളുടെ അധ്വാനശീലം, വിദ്യാഭ്യാസം എന്നിവയെ പുകഴ്ത്തിയ ഉപരാഷ്ട്രപതി, താനും അതിന്റെ ഗുണഭോക്താവാണെന്ന് സൈനിക സ്കൂളിൽ തന്നെ പഠിപ്പിച്ച അധ്യാപികയെ ഓർമിച്ച് പറഞ്ഞു. എല്ലാത്തിനെയും രാഷ്ട്രീയമായി കാണരുതെന്നും അദ്ദേഹം ഓർമിപ്പിച്ചു. മുന്നോട്ടുള്ള വീക്ഷണത്തിനും സാമൂഹിക നീതിയോടുള്ള അചഞ്ചലമായ പ്രതിബദ്ധതയ്ക്കും പേരുകേട്ടതാണ് കേരളം. പുരോഗമനപരമായ നിയമനിർമാണത്തിലൂടെയാണ് ഈ പ്രശസ്തി പ്രകടമാകുന്നത്. മറ്റ് നിയമനിർമാണ സഭകൾ ശ്രദ്ധിക്കേണ്ട നിരവധി പുരോഗമന നിയമങ്ങൾ കേരള നിയമസഭയ്ക്ക് ഉണ്ട്. കേരള നിയമസഭാ മന്ദിരം ജനഹിതത്തെയും ജനാധിപത്യത്തിന്റെ ആത്മാവിനെയും ഭരണഘടനയുടെ സത്തയെയും പ്രതിനിധീകരിക്കുന്നു.

ദൈവത്തിന്റെ സ്വന്തം നാട്ടിൽ എത്തിയതിൽ സന്തോഷമുണ്ട്. ശാന്തമായ കടൽത്തീരങ്ങൾ, പച്ചപ്പ് നിറഞ്ഞ തേയിലത്തോട്ടങ്ങൾ, തനതായ കലാരൂപങ്ങൾ, വൈവിധ്യമാർന്ന സുഗന്ധദ്രവ്യങ്ങൾ, ആലപ്പുഴയിലെയും കൊല്ലത്തെയും ശാന്തമായ കായലുകൾ, പർവത നിരകൾ, 1978ൽ രാജ്യത്തെ ഏറ്റവും വലിയ കടുവാ സങ്കേതമായി പ്രഖ്യാപിച്ച തേക്കടി വന്യജീവി സങ്കേതം എന്നിവയുള്ള പ്രകൃതി സൗന്ദര്യത്തിന്റെ നാടാണ് കേരളമെന്നും അദ്ദേഹം പറഞ്ഞു.

പൈൽസ് ആണോ പ്രശ്നം ?
KUROL
TABLET
A NATURAL & SAFE REMEDY FOR PILES
100% ആയുർവ്വേദം
12 അമൂല്യ ഔഷധങ്ങളുടെ മിശ്രിതം
Free Doctor Consultation
759 383 4781
Customer Care No
+91 7559964455
Available on Amazon
എല്ലാ ഇംഗ്ലീഷ് ആയുർവേദ മരുന്ന് കടകളിലും ലഭ്യം
www.punarjith.com
PUNARJITH
KUROL
An Ayurvedic Proprietary Medicine
A NATURAL & SAFE REMEDY FOR PILES
60 TABLETS
500

കോടികൾ ചെലവഴിച്ച് നവീകരിച്ച പാത പലയിടങ്ങളിലും താഴ്ന്നു



മുക്കം: കോടികൾ ചെലവഴിച്ച് നവീകരിച്ച എടവണ്ണ കൊയിലാണ്ടി സംസ്ഥാന പാതയിൽ പലയിടങ്ങളും താഴ്ന്നു. കിലോമീറ്ററിന് 4 കോടി രൂപയോളം ചെലവഴിച്ചുള്ള നവീകരണത്തിനെതിരെ തുടക്കത്തിൽ തന്നെ വ്യാപക പരാതികൾ ഉയർന്നിരുന്നു. അശാസ്ത്രീയവും ക്രമക്കേടുകൾ നിറഞ്ഞതുമാണ് നവീകരണ പ്രവൃത്തിയെന്ന ആരോപണം ശരിവയ്ക്കുന്ന രീതിയിലാണ് പാതയുടെ പല ഭാഗത്തും താഴ്ന്നത്.

5 മാസം മുൻപാണ് സംസ്ഥാന പാതയിൽ ടാറിങ് നടത്തിയത്. മുക്കം അരീക്കോട് റോഡിൽ കറുത്തപറമ്പിനും ഓടത്തെരുവിനും ഇടയിലാണ് കൂടുതൽ സ്ഥലങ്ങളിൽ താഴ്ച അനുഭവപ്പെട്ടത്. ഇത് അപകടത്തിന് ഇടയാക്കും. ഒട്ടെറെ സ്ഥലങ്ങളിൽ റോഡ് ഒരിഞ്ചോളം താഴ്ന്ന് പോയിട്ടുണ്ട്. കരാർ കമ്പനിയുടെ സൈറ്റ് ഓഫിസിന് തൊട്ടു മുന്നിൽ തന്നെ റോഡ് താഴ്ന്ന് ദിവസങ്ങളായിട്ടും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

ഓടത്തെരുവിലെ പ്രധാന വളവിലും റോഡ് താഴ്ന്നത് അപകട ഭീഷണി ഉയർത്തുന്നുണ്ട്. ഇരുചക്രവാഹന യാത്രക്കാർക്കാണ് ഏറ്റവുമധികം ഭീഷണി. റോഡിന്റെ താഴ്ച മൂലം അപകടങ്ങൾ പതിവാണ്. റോഡ് താഴ്ന്ന് പോയത് ട്രാഫിക് ലൈൻ മാർക്കിങ്ങിലും വ്യത്യാസം വരുത്തിയിട്ടുണ്ട്. റോഡ് പ്രവൃത്തിക്കെതിരെ നേരത്തേയും പരാതി ഉയർന്നിരുന്നു. അശാസ്ത്രീയമായ ഡ്രൈനേജ് നിർമാണം, പ്രവൃത്തിയുടെ ഗുണനിലവാരക്കുറവ്, പൊതുമരാമത്ത് സ്ഥലം സ്വകാര്യ വ്യക്തികൾക്ക് വിട്ടുകൊടുത്ത് അതിരിൽ നിന്ന് ഒരു മീറ്റർ വരെ ഉള്ളിലേക്ക് നീക്കിയുള്ള റോഡ് നിർമാണം, ഇതു മൂലമുള്ള റോഡിന്റെ വീതികുറവ്, അശാസ്ത്രീയമായി റോഡ് ഉയർത്തിയ സ്ഥലങ്ങളിലെ വെള്ളക്കെട്ട്, ഗുണനിലവാരമില്ലാത്ത നിർമാണ സാമഗ്രി ഉപയോഗിച്ചുള്ള പ്രവൃത്തി, കോൺക്രീറ്റ് സ്ലാബുകളുടെ ഉറപ്പുകുറവും പൊട്ടലും ഉൾപ്പെടെയുള്ള പരാതികളും നേരത്തെ ഉയർന്നിരുന്നു.

റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 222 കോടി രൂപ ചെലവിലാണ് റോഡ് നവീകരണം . കൊയിലാണ്ടി പൂനൂർ, പൂനൂർ ഓമശ്ശേരി, ഓമശ്ശേരി എരഞ്ഞിമാവ് എന്നീ 3 റീച്ചുകളുടെ നിർമാണത്തിനാണ് 222 കോടി രൂപയുടെ കരാർ നൽകിയത്. ആവശ്യമായ വീതി ലഭ്യമാകുന്ന ഇടങ്ങളിൽ 12 മീറ്റർ കാര്യേജ് വേ ആയി അത്യാധുനിക സൗകര്യങ്ങളോടെയാണ് റോഡിന്റെ പുനർനിർമാണം നടക്കുകയെന്നും വ്യക്തമാക്കിയിരുന്നു. കലുങ്കുകൾ, പാലങ്ങൾ എന്നിവയുടെ നിർമാണവും പരിപാലനവും, ഡ്രൈനേജുകൾ, ടൈൽ വിരിച്ച, ഹാൻഡ് റെയിലോട് കൂടിയ നടപ്പാതകൾ, പ്രധാന ജംക്ഷനുകളുടെ സൗന്ദര്യവൽകരണം, തെരുവുവിളക്കുകൾ തുടങ്ങി സംവിധാനത്തോടെയാണ് റോഡ് നിർമാണമെന്നാണ് അറിയിച്ചിരുന്നത്. റോഡ് പ്രവൃത്തിയിലെ അപാകതകൾ പരിഹരിക്കണമെന്ന ആവശ്യം ശക്തമായിട്ടുണ്ട്.

അവകാശങ്ങൾ കൃത്യതയോടെ ലഭ്യമാക്കാനാണ് നിയമങ്ങളും ചട്ടങ്ങളുമെന്ന് റവന്യൂ മന്ത്രി

തൃശ്ശൂർ: സാധാരണക്കാരായ ജനങ്ങൾക്ക് അവരുടെ അവകാശങ്ങൾ കൃത്യതയോടെ ലഭ്യമാക്കാനാവണം നിയമങ്ങളും ചട്ടങ്ങളും എന്നാണ് സർക്കാരിന്റെ നിലപാടെന്ന് റവന്യൂ വകുപ്പ് മന്ത്രി അഡ്വ. കെ രാജൻ. സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികാഘോഷത്തോടനുബന്ധിച്ച് നടക്കുന്ന കരുതലും കൈത്താങ്ങും കൊടുങ്ങല്ലൂർ താലൂക്ക് തല അദാലത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

മനുഷ്യനിർമ്മിതമായ നിയമങ്ങളുടെയും ചട്ടങ്ങളുടെയും പേര് പറഞ്ഞ് തങ്ങളുടെ മുമ്പിലെത്തുന്ന സാധാരണക്കാരന്റെ പ്രശ്നങ്ങളെ തടയിടാനുള്ള ശ്രമം ഉണ്ടാകരുത്. വിവാദങ്ങളുടെ വ്യവസായത്തിനല്ല, മാനുഷികമായ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. അതിദരിദ്രരെ കണ്ടെത്തുന്നതു മുതൽ രാജ്യത്തെ ആദ്യ ജല മെട്രോ വരെ അത്ഭുതകരമായിട്ടുള്ള ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങളാണ് സംസ്ഥാനത്ത് ഒരുക്കുന്നത്. ലോകം അത്ഭുതത്തോടെയും ആദരവോടെയും കൗതുകത്തോടെയും കാണുന്ന സ്ഥലമായി കേരളം മാറി കൊണ്ടിരിക്കുകയാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കൊടുങ്ങല്ലൂർ മുൻസിപ്പൽ ടൗൺ ഹാളിൽ നടന്ന അദാലത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ബിന്ദു മുഖ്യാതിഥിയായി. സദ്ഭരണത്തിന്റെ ഭാഗമായി സുതാര്യതയും പ്രാപ്തതയും ജനസൗഹൃദാർദപരവുമായ സമീപനങ്ങൾ ശക്തിപ്പെടുത്തുക എന്നതാണ് അദാലത്തിന്റെ പ്രധാന ഉദ്ദേശമെന്ന് മന്ത്രി പറഞ്ഞു. പതിറ്റാണ്ടുകളായി പരിഹാരം ഉണ്ടാകാതെ കിടന്ന ഒരുപാട് പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ അദാലത്തിലൂടെ കഴിഞ്ഞു. ജനങ്ങളും സർക്കാരും തമ്മിലുള്ള അകലം കുറച്ചു കൊണ്ടുവന്ന് പൂർണ്ണമായും ജനങ്ങളോടൊപ്പം നിൽക്കുന്ന സർക്കാരായി തുടരുകയാണ് ലക്ഷ്യമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ചടങ്ങിൽ അഡ്വ. വി ആർ സുനിൽകുമാർ അധ്യക്ഷനായി. ഇ ടി ടൈസൺ എംഎൽഎ വിശിഷ്ട സാന്നിധ്യമായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഡേവിസ് മാസ്റ്റർ, കൊടുങ്ങല്ലൂർ മുനിസിപ്പൽ ചെയർപേഴ്സൺ ടി കെ ഗീത, മുനിസിപ്പൽ കൗൺസിലർ കെ ആർ ജൈത്രൻ, ജില്ലാ കലക്ടർ വി ആർ കൃഷ്ണ തേജ, എഡിഎം ടി മുരളി ഡെപ്യൂട്ടി കലക്ടർ എം സിജേ ്യാതി, കൊടുങ്ങല്ലൂർ തഹസിൽദാർ കെ രേവ, മറ്റു ജനപ്രതിനിധികൾ, തുടങ്ങിയവർ പങ്കെടുത്തു.

തദ്ദേശസ്ഥാപനങ്ങളിൽ സ്ഥിരം അദാലത്ത് സിറ്റിസൺ അസിസ്റ്റൻറ്

തൃശ്ശൂർ: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥിരം അദാലത്ത് സമിതികൾ രൂപീകരിച്ചു. ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റികൾ, കോർപ്പറേഷൻ എന്നിവയിൽ നിന്നും സമയബന്ധിതമായി ലഭിക്കേണ്ട കെട്ടിട നിർമ്മാണ അനുമതി, കംപ്ലീഷൻ, ക്രമവൽക്കരണം, കെട്ടിട നമ്പറിങ്ങ്, വാണിജ്യ വ്യവസായ ലൈസൻസുകൾ, ജനന മരണ വിവാഹ രജിസ്ട്രേഷൻ എന്നീ വിഷയങ്ങളിലുള്ള പരാതികൾ ആദ്യഘട്ടത്തിൽ സ്വീകരിക്കും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുമ്പാകെ നൽകുന്ന അപേക്ഷയിൽ നിശ്ചിത സമയത്തിനകം നിയമാനുസൃതമായി തീർപ്പു ലഭിക്കാത്ത പക്ഷം പൊതുജനങ്ങൾക്ക് പരാതി നൽകാനുള്ള സംവിധാനമാണ് സിറ്റിസൺ അസിസ്റ്റൻറ്.

ഉപജില്ല, ജില്ലാ, സംസ്ഥാന തലങ്ങളിൽ സ്ഥിരം അദാലത്ത് സമിതികൾ രൂപീകരിച്ചു. തൃശ്ശൂർ ജില്ലയിൽ ആറ് ഉപജില്ല സമിതികളാണ് നിലവിൽ വന്നത്. സമിതിയുടെ കൺവീനർ തദ്ദേശസ്വയംഭരണ വകുപ്പിലെ ഇന്റേണൽ വിജിലൻസ് ഓഫീസർമാരാണ്. അംഗങ്ങളായി ഓരോ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയറും അസിസ്റ്റൻറ് ടൗൺ പ്ലാനറും ഉൾപ്പെടുന്നു. സമിതികൾ ഓരോ പത്ത് ദിവസം കൂടുമ്പോഴും യോഗം ചേരും. യോഗങ്ങൾ സിവിൽ സ്റ്റേഷനിലുള്ള തദ്ദേശസ്വയംഭരണ വകുപ്പ് ജോയിൻറ് ഡയറക്ടറുടെ കാര്യാലയത്തിൽ ചേരും. അടുത്ത അദാലത്ത് മെയ് 30ന് നടക്കും.

അങ്കണവാടി വർക്കർ/ ഹെൽപ്പർ

വെള്ളാങ്ങല്ലൂർ: ഐ.സി.ഡി.എസ്. പ്രോജക്ടിന്റെ പരിധിയിലുള്ള അങ്കണവാടി വർക്കർമാരുടെയും, ഹെൽപ്പർമാരുടേയും ഒഴിവുകളിലേക്ക് നിയമനം നടത്തുന്നു. വേളൂക്കര, പുത്തൻചിറ, വെള്ളാങ്ങല്ലൂർ, പൂമംഗലം, പടിയൂർ പഞ്ചായത്തുകളിലെ ഒഴിവുകളിലേക്കാണ് നിയമനം. അപേക്ഷകർ പഞ്ചായത്ത് പ്രദേശത്ത് സ്ഥിരതാമസക്കാരാവണം.

പ്രായം 46 വയസ്സ് കവിയരുത്. അപേക്ഷകൾ 27ന് വൈകീട്ട് 5 മണി വരെ ശിശു വികസന പദ്ധതി ഓഫീസറുടെ കാര്യാലയം, വെള്ളാങ്ങല്ലൂർ പി ഒ, പിൻ: 680662 എന്ന വിലാസത്തിൽ സ്വീകരിക്കുന്നതാണ്. ഫോൺ: 04802865916.

മെഡിക്കൽ ഓഫീസർ ഒഴിവ്

തൃശ്ശൂർ: ജില്ലയിൽ ആരോഗ്യ വകുപ്പിൽ (അലോപ്പതി) മെഡിക്കൽ ഓഫീസർ തസ്തികകളിലേയ്ക്ക് താൽക്കാലികമായി നിയമിക്കപ്പെടുന്നതിന് താല്പര്യമുള്ളവർ 23ന് ചൊവ്വാഴ്ച വൈകീട്ട് 5 മണിയ്ക്ക് മുൻപായി രേഖകളുടെ പകർപ്പ് സഹിതം തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. 25ന് വ്യാഴാഴ്ച രാവിലെ 10.30ന് തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസിൽ വെച്ച് നടത്തുന്ന ഇന്റർവ്യൂവിൽ ഹാജരാകണം.

ടെണ്ടർ ക്ഷണിച്ചു

തൃശൂർ: ജനറൽ ആശുപത്രിയിലെ ബ്ലഡ് ബാങ്കിലേക്ക് ട്യൂബ് സീലർ സപ്ലൈ ചെയ്യുന്നതിന് മത്സരടിസ്ഥാനത്തിൽ ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തിയ്യതി മെയ് 27 പകൽ 11 മണി വരെ.

ചെണ്ടുമല്ലിക്കൃഷിക്ക് മികച്ച സാധ്യത: ഇപ്പോൾ കൃഷിക്കൊരുങ്ങാം

ഓണക്കാലത്തു വലിയ തോതിൽ ആവശ്യം വരുന്ന ചെണ്ടുമല്ലിപ്പൂക്കൾ കൃഷി ചെയ്യാൻ താൽപര്യമുള്ളവർക്ക് ഇപ്പോഴേ ഒരുക്കം തുടങ്ങാം. ഓണപ്പൂക്കളമൊരുക്കുന്നതിനു വ്യാപകമായി ഉപയോഗിക്കുന്നതിനാൽ ചെണ്ടുമല്ലിയുടെ കൃഷിക്ക് ഇവിടെ പ്രചാരമേറി വരികയാണ്.

ഓണത്തിനു വിളവെടുക്കണമെങ്കിൽ ജൂണിൽ തൈ നടണം. നല്ല നീർവാർച്ചയുള്ളതും സൂര്യപ്രകാശം ധാരാളം ലഭിക്കുന്നതുമായ പ്രദേശമാണ് കൃഷിക്കായി തിരഞ്ഞെടുക്കേണ്ടത്. അമ്ല സ്വഭാവമുള്ള മണ്ണ് അനുയോജ്യമല്ലാത്തതിനാൽ കുമ്മായവസ്തുക്കൾ നൽകി മണ്ണിന്റെ അമ്ലത കുറയ്ക്കണം.

ചെണ്ടുമല്ലിയിൽ 2 ഇനങ്ങളാണ് പ്രധാനമായും കൃഷി ചെയ്തുവരുന്നത്. വിവിധ വർണങ്ങളിൽ (മഞ്ഞ, ഓറഞ്ച്, വെള്ള) വലുപ്പമുള്ള പൂക്കൾ തരുന്ന ഇനമാണ് ആഫ്രിക്കൻ ചെണ്ടുമല്ലി. ഫ്രഞ്ച് ചെണ്ടുമല്ലി കുറിയ ഇനമാണ്. ഇതിനു വർണ വകഭേദങ്ങൾ കുറവാണ്. ആഫ്രിക്കൻ ചെണ്ടുമല്ലി ഇനമാണ് പൂക്കൾക്കായി കൂടുതലും കൃഷി ചെയ്യുന്നത്. ഏക്കറിൽ 800010000 തൈകൾവരെ നടാം.

നല്ല സൂര്യപ്രകാശലഭ്യതയുള്ളതും, നീർവാർച്ചയുള്ളതുമായ മണ്ണ് ആണ് ഏറ്റവും യോജ്യം. അമ്ലസ്വ ഭാവമുള്ള മണ്ണിൽ ചെടി നടുന്നതിനു മുൻപ് നീറ്റുകക്ക ഒരു ചെടിക്ക് 50 ഗ്രാം എന്ന തോതിൽ തടം തയാറാക്കുമ്പോൾ തന്നെ ചേർത്തുകൊടുക്കണം. 5 ദിവസത്തിനുശേഷം ചാണകപ്പൊടി / മണ്ണിരക്കം പോസ്റ്റ് / ചകിരിക്കംപോസ്റ്റ് ഏക്കറിന് 800 കിലോ (ഒരു ചെടിക്ക് 80 ഗ്രാം) എന്ന തോതിൽ മണ്ണുമായി ചേർക്കുക. ഇതിലേക്ക് ചെടി ഒന്നിന് 15 ഗ്രാം സ്യൂഡോമോണാസും 15 ഗ്രാം ട്രൈക്കോഡെർമയും എന്ന തോതിൽ ചേർത്തുകൊടുക്കുക. ഇതിനു ശേഷം തൈകൾ നടാം. വരമ്പുകളിലാണ് ചെടികൾ നടുന്നത്. വരമ്പുകൾ തമ്മിലുള്ള അകലം 60 സെ.മീ. ആയിരിക്കണം. ചെടികൾ തമ്മിലുള്ള അകലം 45 സെ.മീ. ഒരാഴ്ചയ്ക്കു ശേഷം വാം (ഢഅ ങ) എന്ന ജീവാണുവളം ഒരു ടീസ്പൂൺ വീതം ഓരോ ചെടിക്കും കൊടുക്കുക. വേരുകൾ കൂടുതൽ ഉണ്ടാകുന്നതിന് ഇതു സഹായകമാണ്.

മഴയില്ലെങ്കിൽ 3 ദിവസം കൂടുമ്പോൾ നനയ്ക്കുക. മണ്ണിൽ ജലാംശം കുറവാണെങ്കിൽ നനയുടെ എണ്ണം കൂട്ടുക. നട്ട് 15 ദിവസത്തിനു ശേഷം 19:19:19 എന്ന, വെള്ളത്തിൽ അലിയുന്ന രാസവളം 5 ഗ്രാം + െ ജെവശക്തി 5 മി.ലീ. രാവിലെ 9നു മുൻപ് ഇലകളിൽ തളിക്കണം. ഈ സമയത്തു മണ്ണിൽ ഈർപ്പം ഉണ്ടാകണം. ചെടി നട്ട് 20 ദിവസത്തിനു ശേഷം കാത്സ്യം നൈട്രേറ്റ് 3 ഗ്രാം ഒരു ലീറ്റർ വെള്ളത്തിൽ ഇലകളിൽ തളിക്കുക. 2 ദിവസം കഴിഞ്ഞ് 19 ;19;19 + ജൈവ ശക്തി വീണ്ടു തളിക്കുക. 25 ദിവസത്തിനു ശേഷം 16 ;16 ;16 എന്ന രാസവളം ഒരു ചെടിക്ക് 15 ഗാം+ കാത്സ്യം സിലിക്കേറ്റ് 25 ഗ്രാം എന്ന തോതിൽ ഓരോ ചെടിയുടെയും ചുവട്ടിൽ ഇട്ടു മണ്ണ് കയറ്റിക്കൊടുക്കുക. 3035 ദിവസം ആകുമ്പോൾ ചെടികളിൽ വളരുന്ന അഗ്രമുകുളങ്ങൾ നുള്ളിക്കളയുന്നത് കൂടുതൽ വിളവ് ഉണ്ടാകുന്നതിനു സഹായകരമാണ്.

ചെടികൾ നട്ട് 60 ദിവസം കഴിഞ്ഞാൽ പൂക്കൾ ഉണ്ടായിത്തുടങ്ങും. രണ്ടര മാസംവരെ പൂക്കൾ ഉണ്ടായിക്കൊണ്ടിരിക്കും. ഒരു ഏക്കറിൽനിന്ന് 6 ടൺ മുതൽ 8 ടൺ വരെ പൂക്കൾ ഉൽപാദിപ്പിക്കാൻ സാധിക്കും. ഒരു ചെടിയിൽനിന്ന് 67 പ്രാവശ്യം വിളവ് എടുക്കാം.

മുളകിനെ ബാധിക്കുന്ന ഇലമുരടിപ്പ് രോഗം മാറ്റാൻ ചെയ്യേണ്ട കാര്യങ്ങൾ

ഇലമുരടിപ്പ് അഥവാ ഇലചുരുളൽ, മുളകിനെ പിടികൂടുന്ന ഒരു പ്രധാന വൈറസ് രോഗമാണ്. ചെടിയുടെ വളർച്ച മുരടിക്കുക, ഇലകൾ ചുരുണ്ട് വികൃതമാകുക, പുതിയ ഇലകളിൽ മഞ്ഞളിപ്പ് കാണുക തുടങ്ങിയവയാണ് ലക്ഷണങ്ങൾ. ഒന്നിലേറെ വൈറസുകളുടെ ഉപദ്രവവും ഒപ്പം ഇലപ്പേൻ, മുഞ്ഞ, മണ്ഡരി എന്നിവയുടെ ഒന്നിച്ചുള്ള ഉപദ്രവവും ഇത് വഷളാക്കുകയും ചെയ്യാറുണ്ട്.

രോഗംവന്ന ചെടി പിഴുതുനീക്കി നശിപ്പിക്കാം. മറ്റൊന്ന് വൈറസ് പരത്തുന്ന കീടങ്ങളെ നശിപ്പിക്കുക എന്നതാണ്. ഏറെ താമസിച്ചുള്ള പ്രതിരോധപ്രവർത്തനങ്ങൾ ഫലപ്രദമാകണമെന്നില്ല. വേപ്പെണ്ണവെളുത്തുള്ളി മിശ്രിതമാണ് മുരടിപ്പിനെതിരേയുള്ള മികച്ച ജൈവകീടനാശിനി. ഇലയുടെ ഇരുവശത്തും തണ്ടിലും എത്തുംവിധം വേണം ഇത് തളിക്കാൻ. നന്മ എന്ന ജൈവകീടനാശിനിയും നന്ന്. ഇത് അഞ്ച് മില്ലി ഒരുലിറ്റർ വെള്ളത്തിൽ എന്ന തോതിൽ നേർപ്പിച്ചു തളിക്കാം. വെർട്ടിസിലിയം ലെക്കാനി 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി രണ്ടാഴ്ച ഇടവിട്ട് ഇലകളുടെ അടിഭാഗത്തായി തളിക്കാം. നിംബിസിഡിൻ 2.5 മില്ലി ഒരുലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാം.

കെ.വി.കെ. രക്ഷ എന്ന് പേരായ മരുന്ന് ആറ് ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിക്കുന്നതും വൈറസ് വാഹികളായ നീരൂറ്റിക്കീടങ്ങളെ നിയന്ത്രിക്കും. ഓർഗാനിക് സർട്ടിഫൈഡ് കീടനാശിനികൾ നിശ്ചിതതോതിൽ തളിച്ചും നിയന്ത്രിക്കാം. കീടനാശിനിയായ ഡൈമെത്തോയേറ്റ് ഒന്നര മില്ലി ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു ഒരു മില്ലി പശയും ചേർത്ത് ഇലകളുടെ അടിവശത്തു നന്നായി തളിക്കുകയാണ് വൈറസ് വ്യാപികളെ നിയന്ത്രിക്കാവുന്ന രാസനിയന്ത്രണ മാർഗം.

വീട്ടുമുറ്റത്ത് വളർത്താൻ അനുയോജ്യമായ മുട്ടക്കോഴികളും അലങ്കാരക്കോഴികളും വിൽപനയ്ക്ക്

വ്യാവസായികാടിസ്ഥാനത്തിലുള്ള മുട്ടക്കോഴി വളർത്തലിനു കേരളത്തിന്റെ സാഹചര്യങ്ങളിൽ പരിമിതികളുള്ളതിനാൽ വെറ്ററിനറി സർവകലാശാല എന്നും പ്രചാരം നൽകിയിട്ടുള്ളത് അടുക്കളമുറ്റത്തെ കോഴിവളർത്തലിനായിരുന്നു. അതിനായി സർവകലാശാല രൂപം നൽകിയ, ബഹുവർണ തൂവലുകളോടു കൂടിയ നാടൻ സങ്കരയിനം കോഴികളാണ് ഗ്രാമശ്രീ. പേരുപോലെ തന്നെ കർഷകർക്ക് ലാഭവും, ഐശ്വര്യവും ഒരു പോലെ നൽകുന്ന ദ്വിമുഖ സ്വഭാവഗുണമുള്ള, അതായത് മുട്ടയ്ക്കും ഇറച്ചിക്കും ഒരു പോലെ ഉപയോഗിക്കാവുന്ന ഇനമാണിവ. വർഷത്തിൽ 180 മുട്ടകളാണ് ഉൽപാദനമെങ്കിലും 55 ഗ്രാമിൽ കൂടുതൽ ഭാരമുള്ള, തവിട്ടു നിറത്തിലുള്ള ഇവയുടെ മുട്ടകൾ ആഢ 380യോട് കിടപിടിക്കുന്നതും വിപണിയിൽ ഏറെ സ്വീകാര്യതയുള്ളതുമാണ്. അഴിച്ചുവിട്ടു വളർത്തുമ്പോൾ നാലു മാസം കൊണ്ട് ഒന്നര കിലോയ്ക്ക് മുകളിൽ ഭാരമെത്തുന്ന ഇവയുടെ പൂവൻ കുഞ്ഞുങ്ങൾക്കും ആവശ്യക്കാരേറെയാണ്. നാടൻ രീതിയിൽ തീറ്റ തേടിത്തിന്നു വളരുന്നത് കൊണ്ടും, നാടന്റെ തൂവലുകളും രൂപസാദൃശ്യം കൊണ്ടും വിപണിയിൽ ഇവയ്ക്ക് ഉയർന്ന വില ലഭിക്കുന്നുണ്ട്.

വീട്ടുമുറ്റത്ത് വളർത്താൻ അനുയോജ്യമായ വിവിധ പ്രായത്തിലുള്ള മുട്ടക്കോഴികൾ, ബ്രഹ്മ ഉൾപ്പെടെയുള്ള അലങ്കാരക്കോഴികൾ എന്നിവ വെറ്ററിനറി സർവകലാശാല തിരുവാഴംകുന്ന് ഫാമിൽ നിന്നും ലഭിക്കുന്നതാണെന്ന് അധികൃതർ അറിയിച്ചു. ഫോൺ: 04924 293885, 6282907009

എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയത്തിനും എ പ്ലസ് നേടിയ കലൂർ എ.സി.എസ്.ഇ.എം.എച്ച്.എസ്.എസ് ലെ വിദ്യാർഥികളായ,ജോനാദ് ടോം, അനന്യ ബി.നായർ, എൻ. നികിത.അഭിനവ് പി.ആർ,ചിട്ടുകുമാർ

കക്കയം, പെരുവണ്ണാമൂഴി ഡാമുകളിൽ ജലനിരപ്പ് കുറയുന്നു

കൂരാച്ചുണ്ട് : കക്കയം ജലവൈദ്യുതി ഉൽപാദനത്തിന്റെ സ്രോതസ്സായ ഡാമിൽ കനത്ത വേനലിൽ ജലനിരപ്പ് ഗണ്യമായി കുറഞ്ഞത് വൈദ്യുതി ഉൽപാദനത്തെ ബാധിക്കുമെന്ന് ആശങ്ക. കഴിഞ്ഞ വർഷം ഡാം വൃഷ്ടി പ്രദേശത്ത് മഴ കുറഞ്ഞതും ഇത്തവണ വേനൽമഴ കൃത്യമായി ലഭിക്കാത്തതുമാണ് ഡാമുകളിൽ വെള്ളം കുറയാൻ പ്രധാന കാരണം. ബാണാസുര ഡാമിൽ നിന്നു ടണൽ മാർഗം കക്കയത്തേക്ക് ഒഴുകിയെത്തുന്ന ജലത്തിന്റെ അളവിലും കുറവുണ്ട്. കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ ഡാമിലെ ജലവും വൈദ്യുതി ഉൽപാദനത്തിലും കുറവ് രേഖപ്പെടുത്തി.

2022 മേയിൽ ഡാം സംഭരണശേഷിയുടെ 44.07% വെള്ളം ഉണ്ടായിരുന്നപ്പോൾ ഇത്തവണ 29.14 ശതമാനമാണ്. 14.93% വെള്ളത്തിന്റെ കുറവ്. 14.9760 ദശലക്ഷം ക്യുബിക് മീറ്റർ വെള്ളത്തിന്റെ സ്ഥാനത്ത് ഇപ്പോഴുള്ളത് 9.9050 ദശലക്ഷം ക്യുബിക് മീറ്റർ മാത്രമാണ്. ബാണാസുര ഡാമിൽ നിന്നു കക്കയത്തേക്കു ഒഴുകിയെത്തുന്ന ജലം ഇത്തവണ 0.410904 മില്യൻ ക്യുബിക് മീറ്റർ കുറഞ്ഞു. 2022ൽ 1.36017 മില്യൻ ക്യുബിക് മീറ്റർ ജലം ഈ വർഷം 0.949266 ആയിരിക്കുകയാണ്. ബാണാസുര ഡാമിലെ ജലവും കഴിഞ്ഞ വർഷത്തേക്കാൾ 2.59% ഈ വർഷം കുറവുണ്ട്. ഡാമിൽ 758.30 മീറ്റർ ജലം ഉണ്ടായിരുന്നത് ഇപ്പോൾ 757.4 മീറ്റർ ആണുള്ളത്. കക്കയം ഡാമിൽ 2022നേക്കാൾ 2.92 മീറ്റർ ജലമാണ് കുറവുള്ളത്. ബാണാസുര ഡാമിലും 1.25 മീറ്റർ വെള്ളത്തിന്റെ കുറവ് ഇത്തവണ രേഖപ്പെടുത്തി.

കക്കയം ഡാമിൽ നിന്നു വൈദ്യുതി ഉൽപാദന ശേഷം പുറന്തള്ളുന്ന ജലത്തിന്റെ അളവ് കുറഞ്ഞതും രൂക്ഷമായ വേനലും നിമിത്തം പെരുവണ്ണാമൂഴി ഡാമിൽ വെള്ളത്തിന്റെ അളവ് കുറഞ്ഞു. 2022ൽ ഡാമിൽ 35.62 മീറ്റർ വെള്ളം ഉണ്ടായിരുന്നത് ഈ വർഷം 35.30 മീറ്ററായി. കഴിഞ്ഞ വർഷം കുറ്റ്യാടി ജലസേചന പദ്ധതി കനാലിലേക്ക് ഷട്ടർ 65 സെന്റിമീറ്റർ ഉയർത്തിയത് ഇത്തവണ 80 സെന്റി മീറ്റർ ആയി ഉയർത്തി. സപ്പോർട്ട് ഡാം പ്രവൃത്തിയെ തുടർന്ന് ഡാമിൽ ജലനിരപ്പ് കൃത്യമായി നിലനിർത്താനും സാധിച്ചിരുന്നില്ല.

കുറ്റ്യാടി ജലസേചന പ്രോജക്ട്, ജപ്പാൻ കുടിവെള്ള പദ്ധതി, ജല അതോറിറ്റി പദ്ധതികൾ എന്നിവയുടെ ജലസ്രോതസ്സാണ് ഈ ഡാം. ഡാമിലെ വെള്ളം ഉപയോഗിച്ച് 6 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുന്ന പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുതി പദ്ധതി പ്രവൃത്തി അന്തിമഘട്ടത്തിലാണ്. ജൂൺ മുതൽ ഡിസംബർ വരെ വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനാണു ഈ പദ്ധതി. ഡാമിൽ ഇപ്പോൾ വെള്ളം കുറവായതിനാൽ ജലവൈദ്യുതി പദ്ധതി ട്രയൽ ആരംഭിച്ചിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയിൽ ഏറാമല ഗ്രാമപഞ്ചായത്തിന് ദേശീയ അംഗീകാരം

വടകര: 23 ദിവസത്തിനുള്ളിൽ ഒരു കുടുബത്തിന് 100 തൊഴിൽ ദിനങ്ങൾ നൽകി ചരിത്ര നേട്ടവുമായി ഏറാമല ഗ്രാമപഞ്ചായത്ത്. ഇന്ത്യയിൽ ഛത്തീസ്ഗഡ്, കർണാടകം, മധ്യപ്രദേശ്, മഹാരാഷ്ട്ര, എന്നീ സംസ്ഥാനങ്ങളിൽ കൈവരിച്ച നേട്ടമാണ് ഏറാമല ഗ്രാമപഞ്ചായത്ത് കരസ്ഥമാക്കിയിരിക്കുന്നത്. പുതിയ സാമ്പത്തിക വർഷത്തിന്റെ ആദ്യ 23 ദിവസം കൊണ്ടാണ് പഞ്ചായത്ത് ഈ നേട്ടം കൈവരിച്ചിരിക്കുന്നത്.

വടകര ബ്ലോക്ക് തൊഴിലുറപ്പ് പദ്ധതിയിൽ തുടർച്ചയായ രണ്ടാം വർഷവും ഓവറോൾ പെർഫോമൻസിൽ ഒന്നാം സ്ഥാനത്തായിരുന്നു ഏറാമല പഞ്ചായത്ത്. 202122 സാമ്പത്തിക വർഷത്തിൽ ഏറാമല ഗ്രാമപഞ്ചായത്ത് 118931 തൊഴിൽ ദിനവും 3 കോടി 59 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. 202223 സാമ്പത്തിക വർഷം 152236 തൊഴിൽ ദിനവും 6 കോടി 18 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

തൊഴിലുറപ്പ് പദ്ധതിയിൽ മികച്ച നേട്ടം കൈവരിക്കാൻ നേതൃത്വം നൽകിയ പഞ്ചായത്തിലെ തൊഴിലുറപ്പ് ഓഫീസിലെ ജീവനക്കാരായ എ.ഇ ഷെറിൻ,ഓവർസിയർ സബീന ,എക്കൗണ്ടൻമാരായ സുമേഷ്,ജുബിന എന്നിവരെയും പഞ്ചായത്ത് ഭരണസമിതി അനുമോദിച്ചു. പ്രസിഡന്റ് ഷക്കീല ഈങ്ങോളി ഉദ്ഘാടനം ചെയ്തു.

കേരള നിയമസഭ രാജ്യത്തിന് മാതൃകയെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: സംസ്ഥാന നിയമസഭയിലെ പല നിയമനിർമാണങ്ങളും രാജ്യത്തിന് തന്നെ മാതൃകയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഭൂപരിഷ്കരണം നിയമം, 1959 ലെ കേരള വിദ്യാഭ്യാസ നിയമം, നിയമസഭാ സബ്ജക്ട് കമ്മിറ്റി, സിറ്റിങ്ങുകൾ എന്നിവയെല്ലാം മറ്റ് പല സംസ്ഥാനങ്ങളും ഇന്ത്യൻ പാർലമെന്റും മാതൃകയാക്കിയ കാര്യം മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

നിയമസഭ കെട്ടിടത്തിന്റെ രജത ജൂബിലി ആഘോഷ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ശ്രീമൂലം തിരുനാളിന്റെ കാലത്തുള്ള ഉപദേശക സ്വഭാവമുള്ള കൗൺസിലിൽ നിന്നാണ് നമ്മുടെ നിയമനിർമാണ സഭ ഇത്ര വരെ എത്തിയത്. ആ ഉജ്ജ്വല ചരിത്രം ജനാധിപത്യ വികാസത്തിന്റെ ചരിത്രം കൂടിയാണ്. സംസ്ഥാനത്തെ ആദ്യ നിയമസഭക്ക് തന്നെ സവിശേഷതകൾ ഏറെ ഉണ്ടായിരുന്നു. അവയൊക്കെ പിന്നീട് മാതൃകകളായി.

32 സിറ്റിംഗ് നടത്തിയ ആദ്യ കൗൺസിൽ ഇന്നും മാതൃകയാക്കാവുന്നതാണെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. കുമാരനാശാന്റേയും അയ്യങ്കാളിയുടേയും ഉജ്ജ്വല പ്രസംഗങ്ങൾ അടയാളപ്പെടുത്തിയ ആദ്യ കൗൺസിലിൽ അവരുടെ ശബ്ദങ്ങൾ സാമൂഹ്യനീതിക്കും അനാചാരങ്ങൾക്കുമെതിരെയുള്ള മുറവിളിയായിരുന്നു. അന്നുമുതലുള്ള നിയമനിർമാണങ്ങൾ ചരിത്ര പ്രാധാന്യമുള്ളതും വിപ്ലവാത്മകവും ജനജീവിതത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചതുമാണ്.

കേരള നിയമസഭ പാസാക്കിയ ഭൂപരിഷ്കരണ നിയമം വലിയ ചലനങ്ങൾ സൃഷ്ടിച്ചു. കേരള വിദ്യാഭ്യാസ നിയമം വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവന്നു. ഇപ്പോഴത്തെ നിയമസഭയാകട്ടെ അറിവിന്റെ പുതിയ യുഗത്തിലേക്ക് കുതിക്കുന്ന നവകേരളം കെട്ടിപ്പടുക്കാനുള്ള ഊടുംപാവും നൽകുകയാണ് മുഖ്യമന്ത്രി പറഞ്ഞു. ജനാധിപത്യത്തിന്റെ മൂന്നു ശാഖകളും ചെക്സ് ആൻഡ് ബാലൻസ് അനുസരിച്ചാണ് പ്രവർത്തിക്കേണ്ടത്. എന്നാൽ അതിലെ ഒരു ശാഖ മറ്റു ശാഖകളിൽ കൈയ്യടക്കുന്നു എന്ന ആക്ഷേപം ഇപ്പോൾ ഉയർന്നു വരുന്നുണ്ടെന്നും അത്തരം ആക്ഷേപങ്ങൾ ഉണ്ടാവില്ലെന്ന് നാം ഉറപ്പുവരുത്തേണ്ടതുണ്ടെന്നും മുഖ്യമന്ത്രി ഓർമിപ്പിച്ചു.

നമ്മുടെ ഫെഡറൽ സംവിധാനം ശക്തിപ്പെടുത്തേണ്ടതുണ്ട്. ഒപ്പം സംസ്ഥാനങ്ങളുടെ അവകാശങ്ങളും ശക്തമായി സംരക്ഷിക്കേണ്ടതുണ്ട്. ആ ഓർമ്മപ്പെടുത്തലോടെയുള്ള പ്രവർത്തനങ്ങളുമായി വേണം നിയമസഭാ കെട്ടിടത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികം ആഘോഷിക്കേണ്ടതെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. പ്രഥമ സ്പീക്കർ ആർ ശങ്കരനാരായൺ തമ്പി മുതൽ ഇപ്പോഴത്തെ സ്പീക്കർ എ.എൻ ഷംസീർ വരെയുള്ളവരുടേയും ഇ.എം.എസ് നമ്പൂതിരിപ്പാട് മുതലുള്ള മുഖ്യമന്ത്രിമാരുടെയും മഹത്തായ സംഭാവനകളും മുഖ്യമന്ത്രി പരാമർശിച്ചു. നിയമസഭാ മന്ദിരത്തിൽ കാലുകുത്തുന്ന അംഗത്തിന് സാധാരണക്കാരന്റെ ജീവിതം മെച്ചപ്പെടുത്തുക എന്ന ദൗത്യത്തെക്കുറിച്ചോർത്ത് അഭിമാനം ഉളവാക്കുന്നതാണ് പുതിയ നിയമസഭാ മന്ദിരമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ അഭിപ്രായപ്പെട്ടു. ആശങ്കയുളവാക്കും വിധം വളർന്നു വരുന്ന അരാഷ്ട്രീയതയെ ചെറുത്തുതോൽപ്പിക്കാനുള്ള ഉത്തരവാദിത്തം മുഖ്യധാരാ രാഷ്ട്രീയ കക്ഷികൾക്കുണ്ട്. നിയമനിർമാണ സഭക്കുള്ളിൽ ഗൗരവപൂർണമായ ചർച്ചകളും സംവാദങ്ങളും നടക്കുന്നുണ്ടെന്ന കാര്യം പുറംലോകത്തെ ബോധ്യപ്പെടുത്തേണ്ട ഉത്തരാവിത്തം കൂടിയുണ്ടെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.

സാമൂഹികക്ഷേമ രംഗത്തുൾപ്പെടെ പല മേഖലകളിലും മറ്റ് സംസ്ഥാനങ്ങളേക്കാൾ മുൻപന്തിയിലായ കേരളത്തിൽ ജനാധിപത്യം പരിലസിക്കുകയാണെന്നും നിയമനിർമാണ സഭയിലെ പൂർവസൂരികൾക്ക് അതിൽ മുഖ്യ പങ്കുണ്ടെന്നും ഡപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ ചൂണ്ടിക്കാട്ടി. ലോകം ആദരപൂർവ്വം ശ്രദ്ധിക്കാൻ കാരണമായ ഇടമായി കേരളം മാറിയത് ആ രീതിയിലുള്ള നിയമനിർമാണങ്ങളാണെന്ന് പാർലമെന്ററികാര്യ മന്ത്രി കെ രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു.

വിദ്യാലയങ്ങളിലെ ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി ശക്തമാക്കണം വനിതാ കമ്മീഷൻ അധ്യക്ഷ

കോഴിക്കോട്: അധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപ് വിദ്യാലയങ്ങളിലെ ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി പ്രവർത്തനങ്ങൾ ശക്തമാക്കണമെന്ന് വനിതാ കമ്മീഷൻ അധ്യക്ഷ അഡ്വ.പി സതീദേവി. കോഴിക്കോട് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന അദാലത്തിന് ശേഷം സംസാരിക്കുകയായിരുന്നു അവർ. ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി ഇനിയും ആരംഭിക്കാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഓഫീസുകളോ ഉണ്ടെങ്കിൽ അവ എത്രയും പെട്ടന്ന് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും അവർ പറഞ്ഞു.

സിറ്റിംഗിൽ ആകെ 68 പരാതികൾ പരിഗണിച്ചു. 11 പരാതികൾ തീർപ്പാക്കി. ഒരു പരാതി ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റിയുടെ റിപ്പോർട്ടിനായി അയച്ചു. ഒരു കേസ് ജാഗ്രതാ സമിതിക്ക് കൈമാറി. 49 പരാതികൾ അടുത്ത അദാലത്തിൽ പരിഗണിക്കുന്നതിനായി മാറ്റി.

ഗാർഹിക പീഢനം, ജോലി സ്ഥലത്തുള്ള വിഷയങ്ങൾ തുടങ്ങിയ പരാതികളാണ് കമ്മീഷന്റെ മുൻപിൽ വന്നതിൽ കൂടുതലും. സ്വത്ത് എഴുതിവാങ്ങിയ ശേഷം മാതാപിതാക്കളെ ഉപദ്രവിക്കുകയും സ്വത്ത് തിരികെ ലഭിക്കാൻ അച്ഛനമ്മമാർ കോടതി കയറിയിറങ്ങേണ്ടി വരികയും ചെയ്യുന്ന അവസ്ഥ പരിതാപകരമാണെന്നും അവർ പറഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ ഭരണസമിതി മുൻകൈ എടുത്ത് സ്ഥിരമായ കൗൺസിലിംഗ് സംവിധാനം ഒരുക്കണം. റസിഡൻസ് ഏരിയകൾ ഉൾപ്പെടെയുള്ള ഇടങ്ങളിൽ മദ്യവും മയക്കുമരുന്നും ഉപയോഗിച്ച് പ്രശ്നങ്ങൾ ഉണ്ടാക്കുന്ന പ്രവണത വർദ്ധിച്ച് വരികയാണ്. ഇത്തരം ഇടങ്ങളിൽ പോലീസ് ഇടപെടൽ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്നും അവർ പറഞ്ഞു.

വനിതാ കമ്മീഷൻ അംഗങ്ങളായ ഇന്ദിര രവീന്ദ്രൻ, പി.കുഞ്ഞയിഷ, കൗൺസിലർമാർ, വനിതാ സെൽ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

പരാതികൾ പരിഹരിക്കുന്നതിൽ അനാവശ്യമായ കാലതാമസം : മന്ത്രി പി.പ്രസാദ്

കൊച്ചി: സാധാരണക്കാരായ മനുഷ്യരുടെ മുഖവും മനസും പ്രതിഫലിപ്പിക്കുകയാണ് സർക്കാർ നയമെന്ന് കാർഷിക കർഷകക്ഷേമ വകുപ്പ് മന്ത്രി പി. പ്രസാദ്. പെരുമ്പാവൂർ ഇ.എം.എസ് ടൗൺ ഹാളിൽ കരുതലും കൈത്താങ്ങും കുന്നത്തുനാട് താലൂക്കുതല അദാലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സാധാരണക്കാരുടെ പരാതികൾക്ക് പരിഹാരം കാണുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് അനാവശ്യമായ കാലതാമസമുണ്ടാകുന്നുണ്ടെന്ന് അദാലത്തിൽ നിന്ന് ബോധ്യമാകുന്നു. ഇത് തിരുത്തണം. നിയമത്തിനും ചട്ടത്തിനും വിധേയമായി പ്രശ്നങ്ങൾ പരിഹരിക്കണം. കോടതിയുടെ പരിഗണനയിലെ വിഷയങ്ങൾ, പോലീസ് കേസുകൾ തുടങ്ങിയവ അദാലത്തിൽ പരിഹരിക്കാൻ കഴിയില്ല. അത്തരം കാര്യങ്ങൾക്ക് നിയമപരമായി പരിഹാരം കാണണം. എന്നാൽ ചട്ടങ്ങൾ ദുർവ്യാഖ്യാനിച്ച് പരിഹാരം വൈകിപ്പിക്കരുത്. ഇത് എല്ലാവരെയും ഓർമ്മപ്പെടുത്തുന്നതിനും സർക്കാരിന്റെ നിലപാടിന് അനുസരിച്ച് പ്രവർത്തനം ചിട്ടപ്പെടുത്തുന്നതിനുമാണ് അദാലത്ത് സംഘടിപ്പിക്കുന്നത്. അദാലത്തിലെ തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ജില്ലാതലത്തിൽ സംവിധാനമുണ്ടാകുമെന്നും മന്ത്രി പറഞ്ഞു.മന്ത്രിമാർക്ക് ജനകീയ വിദ്യാഭ്യാസവും ഉദ്യോഗസ്ഥർക്ക് പഠനാനുഭവവുമാണ് അദാലത്ത് വഴി ലഭിക്കുന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച മന്ത്രി പി. രാജീവ് പറഞ്ഞു. ജനങ്ങൾക്ക് അനുകൂലമായി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയമത്തിലും ചട്ടത്തിലും വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച വിവരങ്ങൾ മനസിലാക്കുന്നതിനുള്ള ജനകീയ ഇടപെടലാണിതെന്നും മന്ത്രി പറഞ്ഞു.10 പേർക്ക് മുൻഗണനാ വിഭാഗത്തിലുള്ള റേഷൻ കാർഡുകൾ വേദിയിൽ വിതരണം ചെയ്തു.ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ്, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ്. ഷാജഹാൻ, സബ് കളക്ടർ പി. വിഷ്ണു രാജ്, ഡി.എഫ്.ഒ. രവി കുമാർ മീണ, മുവാറ്റുപുഴ ആർഡിഒ പി.എൻ. അനി, ഡെപ്യൂട്ടി കളക്ടർമാരായ ഉഷ ബിന്ദു മോൾ, ബി.അനിൽകുമാർ, എസ്. ബിന്ദു, ഹുസൂർ ശിരസ്തദാർ കെ. അനിൽ കുമാർ മേനോൻ, കുന്നത്തുനാട് താലൂക്ക് തഹസിൽദാർ ജോർജ് ജോസഫ് തുടങ്ങിയവർ പങ്കെടുത്തു.

ഇന്റർനാഷനൽ ഇൻഡസ്ട്രിയൽ കോൺക്ലേവ് മെയ് 25 മുതൽ

തിരുവനന്തപുരം: സംസ്ഥാന വ്യവസായ വികസന കോർപറേഷൻ (കെഎസ്ഐഡിസി) 'ബയോ കണക്റ്റ് കേരള 2023'എന്ന പേരിൽ സംഘടിപ്പിക്കുന്ന ഇന്റർനാഷനൽ ഇൻഡസ്ട്രിയൽ കോൺക്ലേവ് മെയ് 25, 26 തീയതികളിൽ തിരുവനന്തപുരത്ത് നടക്കും. കോവളം ലീല ഹോട്ടലിൽ നടക്കുന്ന കോൺക്ലേവ് 25ന് രാവിലെ 10ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും. വ്യവസായ രംഗത്തെ പ്രമുഖർ, സംരംഭകർ, അഡ്മിനിസ്ട്രേറ്റർമാർ, ഗവേഷകർ, യുവ പ്രൊഫഷണലുകൾ എന്നിവർക്ക് സംവദിക്കാനുള്ള വേദിയാണ് കോൺക്ലേവിലൊരുങ്ങുന്നത്. കേരളം വ്യവസായ സൗഹൃദ സംസ്ഥാനമെന്ന നിലയിൽ, ഭാവി പരിപാടികൾക്കു കൂടി ഉതകും വിധം വ്യവസായങ്ങൾക്ക് ആവശ്യമായ നൈപുണ്യ വികസനം, ഡിസ്റപ്റ്റീവ് ടെക്നോളജി സെഷനുകൾ, വ്യവസായ അക്കാദമിക സഹകരണങ്ങൾ എന്നിവ കോൺക്ലേവിൽ ചർച്ച ചെയ്യപ്പെടും. ലൈഫ് സയൻസ് പാർക്കിനെ മുൻനിർത്തി വ്യവസായികളിൽ നിന്നും റിസർച്ച് ആൻഡ് ഡവലപ്മെന്റിനും ഉത്പാദന മേഖലയിൽ സ്വകാര്യ നിക്ഷേപം ആർജിക്കാനും പദ്ധതിയുണ്ട്.കേരളത്തിലേക്ക് മികച്ച നിക്ഷേപകരെ ആകർഷിക്കുക, പങ്കാളിത്ത അവസരങ്ങൾ സൃഷ്ടിക്കുന്നതിന് വ്യവസായ ബന്ധം വർധിപ്പിക്കുക, കേരള വ്യവസായിക നയത്തിന് കീഴിലുള്ള ഇൻസെന്റീവുകൾ പ്രയോജനപ്പെടുത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ, സംരംഭങ്ങൾ എന്നിവ പ്രദർശിപ്പിക്കുക, വ്യവസായ അക്കാദമിക് ഇന്റർഫേസ് സൃഷ്ടിക്കുക, ഉൽപ്പന്ന വികസനത്തിനും സ്കെയിൽ അപ്പിനുമുള്ള നിക്ഷേപ അവസരങ്ങൾ, വ്യവസായം/അക്കാദമിക നെറ്റ്വർക്കിങ് വളർത്തുക എന്നിവയും കോൺക്ലേവിന്റെ ലക്ഷ്യങ്ങളാണ്.എക്സ്പോ (സ്റ്റാർട്ടപ്പുകളുടെ ഉൽപന്നങ്ങളുടെയും ആശയങ്ങളുടെയും പ്രദർശനം), ക്ലാസുകൾ, പാനൽ ചർച്ച, വിവിധ സെഷനുകൾ, സ്റ്റാർട്ട് അപ്പുകളുടെ പിച്ചിങ്, നയരൂപീകരണ വിദഗ്ധരുമായി സംഗമം, ബിസിനസ് പ്രൊപ്പോസലുകളെക്കുറിച്ച് ലൈഫ് സയൻസ് മേഖലയിലെ വിദഗ്ധരുമായി സംവദിക്കാനുള്ള അവസരം എന്നിവ കോൺക്ലേവിൽ ലഭിക്കും. 45 സ്റ്റാളുകളാണ് കോൺക്ലേവിൽ ഒരുക്കുന്നത്. ബയോ ടെക്നോളജി, ലൈഫ് സയൻസ് രംഗത്തെ മുൻനിര കമ്പനികൾ, വിദഗ്ധർ, വിദ്യാർഥികൾ, ഗവേഷകർ, റിസർച്ച് ആൻഡ് ഡവലപ്മെന്റ് സ്ഥാപനങ്ങൾ, സ്റ്റാർട്ടപ്പുകൾ എന്നിവർ ഉൾപ്പടെ 300 ഡെലിഗേറ്റുകൾ കോൺക്ലേവിൽ പങ്കെടുക്കും.ലൈഫ് സയൻസ് ബയോ ടെക്നോളജി രംഗത്തെ കമ്പനികൾക്കും സ്റ്റാർട്ടപ്പുകൾക്കും കോൺക്ലേവിൽ പങ്കെടുക്കാം. താൽപ്പര്യമുള്ളവർ https://www.bioconnectkerala.com/register/ എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യണം. വിവരങ്ങൾക്ക് biokerala@ksidcmail.org എന്ന ഇമെയിലിൽ ബന്ധപ്പെടാം.

എംപ്ലോയബിലിറ്റി സെന്ററിൽ ജോലി ഒഴിവ്

കൊച്ചി: എറണാകുളം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനു കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററിൽ വിവിധ ജോലി ഒഴിവുകളിലേക്ക് ഇന്റർവ്യൂ നടക്കും.മെക്കാനിക്കൽ ട്രെയ്നേഴ്സ്,അസിസ്റ്റന്റ് മെക്കാനിക്സ്,ടെലികോളേഴ്സ്, ഫീൽഡ് കൺസൾട്ടന്റ് എന്നിങ്ങനെ നിരവധി തസ്തികയിൽ ജോലി ഒഴിവുണ്ട്. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് മെയ് 24 ന് നടക്കുന്ന ഇന്റർവ്യൂവിൽ പങ്കെടുക്കാം.കൂടുതൽ വിവരങ്ങൾക്ക് 0484 2422452, 2427494 ബന്ധപെടുക.

തൊഴിൽ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു

കൊച്ചി: പെരുമ്പാവൂർ അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ സൗജന്യ തൊഴിൽ പരിശീലനം നടത്തുന്നു.സ്കിൽ ഹബ് പദ്ധതിയിൽ സൗജന്യ തൊഴിൽ പരിശീലത്തിനായി യോഗ ട്രെയ്നർ,പഴ്സണൽ ട്രെയ്നർ, ടി വി റിപ്പയർ ടെക്നീഷ്യൻ, ഹാൻഡ് എംബ്രോയ്ഡർ, എയർലൈൻ കാർഗോ അസിസ്റ്റന്റ്, എയർലൈൻ കസ്റ്റമർ സർവീസ് എക്സിക്യൂട്ടീവ് എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.താൽപര്യമുള്ളവർ ഓൺലൈനായി https://forms.gle/h7NKQGW7ASuM7fjH8എന്ന ലിങ്കിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.കൂടുതൽ വിവരങ്ങൾക്ക്. ഫോൺ 8606923176, 8089296480

കരാർ അടിസ്ഥാനത്തിൽ കാർ വാടകയ്ക്ക് : ടെണ്ടർ ക്ഷണിച്ചു

കൊച്ചി: കാക്കനാട് സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന വനിതാ സംരക്ഷണ ഓഫീസറുടെ ഔദ്യോഗിക ആവശ്യത്തിനായി 2023 ജൂൺ മുതൽ 2024 മെയ് വരെ കരാർ അടിസ്ഥാനത്തിൽ വാഹനം (കാർ) വാടകയ്ക്ക് നൽകുന്നതിന് താൽപര്യമുള്ള വാഹന ഉടമകളിൽ നിന്നു ടെണ്ടർ ക്ഷണിച്ചു.
ടെണ്ടറുകൾ സമർപ്പിക്കേണ്ട അവസാന തീയതി മെയ് 29 നാണ്. കൂടുതൽ വിവരങ്ങൾക്ക് 8281999057 എന്ന നമ്പറിൽ ബന്ധപ്പെടുക.

എസ്. സി പ്രൊമോട്ടർ നിയമനം

കൊച്ചി: പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എറണാകുളം ജില്ലയിലെ വിവിധ ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ, എസ്. സി. പ്രൊമോട്ടറുടെ നിയമനത്തിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥിര താമസക്കാരായ പ്ലസ് ടു അഥവാ തത്തുല്യ വിദ്യാഭ്യാസ യോഗ്യതയുള്ള 18നും 30നും മധ്യേ പ്രായമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. നിശ്ചിത മാതൃകയിലുള്ള അപേക്ഷ ജാതി, വയസ്, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം എറണാകുളം ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നൽകണം. നിയമിക്കപ്പെടുന്ന എസ്. സി. പ്രൊമോട്ടർമാരുടെ സേവന കാലയളവ് ഒരു വർഷമാണ്. സേവനം തൃപ്തികരമാണെങ്കിൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതുമാണ്. മുൻപ് എസ്. സി. പ്രൊമോട്ടർമാരായി പ്രവർത്തിക്കുകയും എന്നാൽ അച്ചടക്ക നടപടിയുടെ ഭാഗമായി പിരിച്ചു വിടുകയും ചെയ്തവരുടെ അപേക്ഷകൾ വീണ്ടും പരിഗണിക്കുന്നതല്ല. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2023 ജൂൺ 5 തിങ്കളാഴ്ച വൈകിട്ട് അഞ്ചിന്.വിശദ വിവരങ്ങൾക്കും, അപേക്ഷാ ഫോറത്തിനും ജില്ലാ പട്ടികജാതി വികസന ഓഫീസിലോ (ഫോൺ നമ്പർ : 0484 2422256) അതാത് ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിലോ ബന്ധപ്പെടണം.

വനിത ഐ.ടി.ഐ യിൽ അഡ്മിഷൻ ആരംഭിച്ചു

കൊച്ചി: കളമശ്ശേരി വനിത ഐ.ടി.ഐ യിൽ ഐ.എം.സി യ്ക്ക് കീഴിൽ കേന്ദ്ര സർക്കാർ അംഗീകാരത്തോടെ നടത്തുന്ന ഒരു വർഷത്തെ ഏവിയേഷൻ മാനേജ്മെന്റ് ആന്റ് ടിക്കറ്റിങ്ങ് കൺസൾട്ടന്റ് കോഴ്സിലേയ്ക്ക് അഡ്മിഷൻ ആരംഭിച്ചു.പ്ലസ് ടു, ബിരുദ യോഗ്യതകൾ ഉള്ള ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും ചുരുങ്ങിയ ചിലവിൽ കോഴ്സ് പഠിക്കാം.താൽപര്യമുള്ളവർ നേരിട്ട് എത്തി അപേക്ഷ നൽകേണ്ടതാണ്.

പ്രാവിന്റെ പ്രൊമോഷൻ ലോഞ്ച് തിരുവനന്തപുരത്ത്


CET CINEMA PRESENTS
Remembrance of Padmarajan &
'Praavu' movie promotion Launch
പ്രാവ്
Date: 23 MAY 2023, TUESDAY
Time: 6 PM
Venue: BHARAT BHAVAN,
THYCAUD, THIRUVANANTHAPURAM

കൊച്ചി: മലയാളത്തിന്റെ പ്രിയ കഥാകൃത്തും സിനിമാ സംവിധായകനുമായ പത്മരാജന്റെ ജന്മദിനമായ മെയ് 23നു വൈകുന്നേരം 6 മണിക്ക് തിരുവനന്തപുരത്തെ ഭാരത് ഭവനിൽ അദ്ദേഹത്തിന്റെ അനുസ്മരണ യോഗവും പത്മരാജന്റെ കഥയെ ആസ്പദമാക്കിയുള്ള മലയാള ചലച്ചിത്രം പ്രാവിന്റെ പ്രൊമോഷൻ ലോഞ്ചും നടക്കും.പത്മരാജൻ ട്രസ്റ്റും സി.ഇ.റ്റി സിനിമാസും സംയുക്തമായി സംഘടിപ്പിക്കുന്ന ചടങ്ങിൽ മലയാള സിനിമയിലെ പ്രമുഖർ പങ്കെടുക്കും.പത്മരാജന്റെ സൂപ്പർ ഹിറ്റ് സിനിമകളിലെ ഗാനങ്ങൾ കോർത്തിണക്കിയ സംഗീത നിശയും ഉണ്ടായിരിക്കുന്നതാണ്.പത്മരാജൻ അനുസ്മരണ ചടങ്ങിൽ പത്മരാജൻ ട്രസ്റ്റ് ചെയർമാൻ വിജയകൃഷ്ണൻ,രാധാലക്ഷ്മി പത്മരാജൻ, ഫിലിം പ്രൊഡ്യൂസർ ഗാന്ധിമതി ബാലൻ, ചലച്ചിത്ര സംവിധായകരനായ സുരേഷ് ഉണ്ണിത്താൻ, മധുപാൽ, അനിൽ ദേവ്, സിനിമാ സംവിധായകൻ പ്രശാന്ത് നാരയണൻ, നടൻ പൂജപ്പുര രാധാകൃഷ്ണൻ.നിർമ്മാതാവ് ശ്രീമൂവിസ് ഉണ്ണിത്താൻ,പ്രൊഫസർ ഡോക്ടർ മ്യൂസ് മേരി ജോർജ്, മുൻ ദൂരദർശൻ ഡയറക്ടർ ബൈജു ചന്ദ്രൻ, ഭാരത് ഭവൻ ഡയറക്ടറും സിനിമാ സംവിധായകനുമായ പ്രമോദ് പയ്യന്നൂർ, പ്രദിപ് പനങ്ങാട്(പത്മരാജൻ ട്രസ്റ്റ്) എന്നിവർ പങ്കെടുക്കും.പ്രാവിന്റെ പ്രൊമോഷൻ ലോഞ്ചിൽ സിനിമാ നിർമ്മാതാക്കളായ തകഴി രാജശേഖരൻ(പ്രൊഡ്യൂസർ), എസ്.മഞ്ജുമോൾ (കോ പ്രൊഡ്യൂസർ), സംവിധായകൻ നവാസ് അലി,എഡിറ്റർ ജോവിൻ ജോൺ, അഭിനേതാക്കളായ അമിത് ചക്കാലക്കൽ, അഡ്വക്കേറ്റ് സാബുമോൻ അബ്ദുസമദ്, കെ യൂ മനോജ്, യാമി സോനാ, ആദർശ് രാജ, അജി ധന്വന്തരി തുടങ്ങി മറ്റു താരങ്ങളും അണിയറപ്രവർത്തകരും പങ്കെടുക്കും. പി ആർ ഓ പ്രതീഷ് ശേഖർ.

ദേശീയ ബ്ലൈൻഡ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ്: കേരളത്തിന് മൂന്നാം സ്ഥാനം

കൊച്ചി: ഇന്ത്യൻ ബ്ലൈൻഡ് ഫുട്ബോൾ ഫെഡറേഷൻ സംഘടിപ്പിച്ച ഏഴാമത് ഐ ബി എഫ് എഫ് ദേശീയ ബ്ലൈൻഡ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കേരളം മൂന്നാം സ്ഥാനം കരസ്ഥമാക്കി. ജംഷെദ്പൂരിൽ വെച്ച് നടന്ന ടൂർണമെന്റിൽ പുരുഷ വിഭാഗത്തിൽ മൂന്നാം സ്ഥാനത്തിന് വേണ്ടിയുള്ള മത്സരത്തിൽ കരുത്തരായ മേഘാലയെ പെനാൽറ്റി ഷൂട്ട് ഔട്ടിലാണ് കേരളം പരാജയപ്പെടുത്തിയത് കേരളത്തിന്റെ ഗോൾ കീപ്പർ സുജിത് പി എസ് ടൂർണമെന്റിലെ മികച്ച ഗോൾ കീപ്പർ ആയി തിരഞ്ഞെടുത്തു. വനിതാ വിഭാഗത്തിലും കേരള ബ്ലൈൻഡ് ഫുട്ബോൾ ടീം പങ്കെടുത്തു.

മിനി ജോബ് ഫെയർ 25 ന്

കൊച്ചി: തൃപ്പൂണിത്തുറ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആൻഡ് കരിയർ ഡെവലപ്പ്മെന്റ് സെന്ററും മുളന്തുരുത്തി നിർമ്മല ആർട്ട്സ് ആൻഡ് സയൻസ് കോളേജും സംയുക്തമായി മിനി ജോബ് ഫെയർ വ്യാഴാഴ്ച നിർമ്മല ആർട്ട്സ് ആൻഡ് സയൻസ് കോളേജിൽ സംഘടിപ്പിക്കുന്നു. എസ്.എസ്.എൽ.സി,പ്ലസ് ടു, ഐ.ടി.ഐ. ബി.ടെക്, എം.ബി.എ യോഗ്യതയുള്ളവർക്ക് പങ്കെടുക്കാം. സൗജന്യമായി ഈ ജോബ് ഫെയറിൽ പങ്കെടുക്കുന്നതിന് നേരിട്ടും ഫോൺ നമ്പർ മുഖേനയും രജിസ്റ്റർ ചെയ്യാം. ഫോൺ നമ്പർ: 0484 2927459, 8848541178, 8502026578.

പ്രത്യേക ഹജ്ജ് വിമാന സർവീസുമായി എയർ ഇന്ത്യ ഗ്രൂപ്പ്

കൊച്ചി: എയർ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസും ചേർന്ന് കോഴിക്കോട്, കണ്ണൂർ, ജയ്പൂർ, ചെന്നൈ എന്നീ നാല് ഇന്ത്യൻ നഗരങ്ങളിൽ നിന്ന് സൗദി അറേബ്യയിലെ ജിദ്ദയിലേക്കും മദീനയിലേക്കും ഏകദേശം 19,000 ഹജ്ജ് തീർഥാടകരെ എത്തിക്കും.ആദ്യ ഘട്ടത്തിൽ, മെയ് 21 മുതൽ ജൂൺ 21 വരെ ജയ്പൂർ, ചെന്നൈ എന്നിവിടങ്ങളിൽ നിന്ന് മദീനയിലേക്കും ജിദ്ദയിലേക്കും എയർ ഇന്ത്യ 46 വിമാന സർവീസുകൾ നടത്തും. രണ്ടാം ഘട്ടത്തിൽ തീർത്ഥാടകരെ തിരികെ കൊണ്ടുവരുന്നതിനായി ജിദ്ദ, മദീന എന്നിവിടങ്ങളിൽ നിന്ന് ജയ്പൂരിലേക്കും ചെന്നൈയിലേക്കും ജൂലൈ 3 മുതൽ ഓഗസ്റ്റ് 2 വരെ 43 വിമാന സർവീസുകൾ നടത്തും. ജയ്പൂരിൽ നിന്ന് 27 വിമാനങ്ങളിലായി 5871 തീർഥാടകരും ചെന്നൈയിൽ നിന്ന് 19 വിമാനങ്ങളിലായി 4447 തീർഥാടകരുമാണ് എയർ ഇന്ത്യ വിമാനങ്ങളിൽ എത്തുക. ബോയിംഗ് 787, എയർബസ് 321 നിയോ വിമാനങ്ങളിലായി ആകെ 10318 യാത്രക്കാരെയാണ് എയർ ഇന്ത്യ സൗദി അറേബ്യയിലേക്ക് കൊണ്ടുപോകുന്നത്.ജൂൺ 4 മുതൽ 22 വരെ കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ നിന്ന് സർവീസ് നടത്താൻ എയർ ഇന്ത്യ എക്സ്പ്രസ് ബി737800 വിമാനമാണ് ഉപയോഗിക്കുന്നത്. കോഴിക്കോട് നിന്ന് ജിദ്ദയിലേക്ക് 6363 യാത്രക്കാർക്കായി 44 വിമാന സർവീസും കണ്ണൂരിൽ നിന്ന് ജിദ്ദയ്ക്ക് 1873 യാത്രക്കാർക്കായി 13 സർവീസും നടത്തും. ആദ്യ ഘട്ടത്തിൽ എയർ ഇന്ത്യ എക്സ്പ്രസ് ആകെ 8236 തീർത്ഥാടകർക്കായി 57 വിമാനങ്ങൾ സർവീസുകളാണ് നടത്തുക. രണ്ടാം ഘട്ടത്തിൽ ജൂലൈ 13 മുതൽ ഓഗസ്റ്റ് 2 വരെ എയർ ഇന്ത്യ എക്സ്പ്രസ് മദീനയിൽ നിന്ന് കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലേക്ക് തീർത്ഥാടകരെ തിരികെ കൊണ്ടുവരും.ഹജ്ജ് തീർത്ഥാടനത്തിനായി ചെന്നൈ, ജയ്പൂർ നഗരങ്ങളിൽ നിന്നുള്ള വാർഷിക പ്രത്യേക വിമാനങ്ങൾ പുനരാരംഭിക്കുന്നതിൽ എയർ ഇന്ത്യ സന്തുഷ്ടരാണെന്നും എയർ ഇന്ത്യ എക്സ്പ്രസ് കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ നിന്ന് സർവീസ് നടത്തുമെന്നും എയർ ഇന്ത്യ സിഇഒയും എംഡിയുമായ കാംബെൽ വിൽസൺ പറഞ്ഞു. ഈ തീർത്ഥാടനത്തിൽ യാത്രക്കാർക്ക് സമാനതകളില്ലാത്ത സൗകര്യങ്ങൾ നൽകാനാണ് എയർ ഇന്ത്യ എക്സ്പ്രസുമായി ചേർന്ന് ശ്രമിക്കുന്നത്. ഈ ഫ്ലൈറ്റുകളിലെ അതിഥികൾക്ക് പ്രത്യേക പരിചരണം ഉറപ്പാക്കുന്നതിന്, ബന്ധപ്പെട്ട വിമാനത്താവളങ്ങളിൽ ഓൺഗ്രൗണ്ട് ടീമുകളെ ശക്തിപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.മുംബൈ, മംഗളൂരു, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ നിന്ന് സൗദി അറേബ്യയിലേക്ക് ഷെഡ്യൂൾ ചെയ്ത വിമാനങ്ങൾക്ക് പുറമേ കേരളത്തിൽ നിന്നുള്ള തീർത്ഥാടകരുടെ സൗകര്യാർത്ഥം കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ നിന്ന് പ്രത്യേക ഹജ്ജ് വിമാനങ്ങൾ സർവീസ് നടത്തുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ടെന്ന് എയർ ഇന്ത്യ എക്സ്പ്രസിൻറെയും എയർഏഷ്യ ഇന്ത്യയുടെയും എംഡി അലോക് സിംഗ് പറഞ്ഞു.ഹജ്ജ് വിമാനങ്ങളിലെ തീർത്ഥാടകർക്ക് സുഗമവും തടസ്സമില്ലാത്തതുമായ യാത്രാ അനുഭവം ഉറപ്പാക്കുന്നതിന് വിപുലമായ ക്രമീകരണങ്ങൾ എയർ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസും നടത്തിയിട്ടുണ്ട്.ഇന്ത്യയിലെ നാല് സ്റ്റേഷനുകളിലും ജിദ്ദ, മദീന എന്നിവിടങ്ങളിലും പരിചയസമ്പന്നരായ പ്രൊഫഷണലുകളെ ഉൾപ്പെടുത്തി എയർലൈനുകൾ പ്രത്യേക ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. പുറപ്പെടൽ മുതൽ എത്തിച്ചേരൽ വരെയുള്ള പ്രവർത്തനങ്ങളുടെ എല്ലാ വശങ്ങളിലും അവർ ശ്രദ്ധ കേന്ദ്രീകരിക്കും. കൂടാതെ, വിമാനങ്ങളുടെ നിരന്തരമായ നിരീക്ഷണത്തിനും ഏകോപനത്തിനുമായി ഒരു പ്രത്യേക കൺട്രോൾ സെന്ററും സ്ഥാപിച്ചിട്ടുണ്ട്.മുതിർന്ന പൗരന്മാർക്ക് പ്രത്യേക ക്രമീകരണങ്ങൾ: പ്രായമായ തീർഥാടകർക്ക് പ്രത്യേക പരിചരണവും ശ്രദ്ധയും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എയർ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസും പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.എല്ലാ തീർഥാടകർക്കും ചെക്ക്ഇൻ നടപടികൾ കൂടുതൽ സൗകര്യപ്രദമാക്കുന്നതിന്, എയർ ഇന്ത്യ അവർക്ക് ബോർഡിംഗ് പാസുകൾ ഒരു കസ്റ്റമൈസ്ഡ് എൻവലപ്പിൽ മറ്റ് പ്രധാന രേഖകളോടൊപ്പം നൽകും. എയർ ഇന്ത്യ എക്സ്പ്രസ് ഇന്ത്യയിൽ ചെക്ക്ഇൻ ചെയ്യുന്ന സമയത്ത് യാത്രക്കാർക്ക് അവരുടെ യാത്രയ്ക്കും തിരിച്ചുമുള്ള യാത്രയ്ക്കുമുള്ള ബോർഡിംഗ് കാർഡുകൾ കൊണ്ടുപോകാൻ കളർകോഡുള്ള പൗച്ചുകൾ നൽകും. കൂടാതെ, എളുപ്പത്തിൽ തിരിച്ചറിയുന്നതിനായി പുറപ്പെടൽ സ്ഥലവും ലക്ഷ്യസ്ഥാനവും സൂചിപ്പിക്കുന്ന ബോൾഡ് അക്ഷരങ്ങളുള്ള, ലഗേജ് ടാഗുകൾ രണ്ട് എയർലൈനുകളും ലഭ്യമാക്കും.മദീനയിലെ യാത്രക്കാരിൽ നിന്ന്, ജിദ്ദയിലെ ട്രാൻസ്പോർട്ട് ഓപ്പറേറ്റർമാർ വഴി ചെക്ക്ഇൻ ബാഗുകൾ ശേഖരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. പുറപ്പെടുന്നതിന് 24 മണിക്കൂർ മുമ്പ് ബാഗേജുകൾ വിമാനത്താവളത്തിൽ എത്തിക്കും.റിഫ്രഷ്മെന്റ് ക്രമീകരണങ്ങൾ: ഇന്ത്യയിൽ നിന്ന് പ്രി ചെക്ക്ഇൻ മുതൽ ബോർഡിംഗ് വരെയുള്ള യാത്രയ്ക്കിടയിലും വിമാനത്തിനുള്ളിലും ജിദ്ദയിലും മദീനയിലും ഇറങ്ങുന്ന സമയത്തും മീൽ ബോക്സുകൾ നൽകുന്നതിന് തിരഞ്ഞെടുത്ത കാറ്ററർമാരുമായി മതിയായ ക്രമീകരണങ്ങൾ രണ്ട് എയർലൈനുകളും ഒരുക്കിയിട്ടുണ്ട്.എയർ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസും ഇന്ത്യയിലേക്കുള്ള മടക്ക വിമാനങ്ങളിൽ സംസം വെള്ളം കൊണ്ടുവരും. നാല് ലക്ഷ്യസ്ഥാനങ്ങളിൽ ഇത് സംഭരിക്കും. തീർത്ഥാടകർ ലക്ഷ്യസ്ഥാനത്ത് തിരിച്ചെത്തിയ ശേഷം വിശുദ്ധജലം കൈമാറുമെന്നും എയർ ഇന്ത്യ ഗ്രൂപ്പ് അധികൃതർ വ്യക്തമാക്കി.

കണ്ടൽക്കാട് സംരക്ഷണം: സംസ്ഥാനതല ശിൽപ്പശാലയ്ക്ക് ഇന്ന് തുടക്കം

ആലപ്പുഴ: കണ്ടൽക്കാട് സംരക്ഷണം എന്ന വിഷയത്തിൽ വനം വകുപ്പ് സംഘടിപ്പിക്കുന്ന സംസ്ഥാനതല ദ്വിദിന ശിൽപ്പശാലയ്ക്ക് ഇന്ന് ജില്ലയിൽ (23) തുടക്കമാകും. ചൊവ്വ, ബുധൻ ദിവസങ്ങളിൽ റമദ ഹോട്ടലിലാണ് പരിപാടി. വൈകിട്ട് നാലിന് വനം മന്ത്രി എ.കെ. ശശീന്ദ്രൻ വർക്ഷോപ്പ് ഉദ്ഘാടനം ചെയ്യും. പി.പി. ചിത്തരഞ്ജൻ എം.എൽ.എ. അധ്യക്ഷത വഹിക്കും. എ.എം. ആരിഫ് എം.പി. മുഖ്യതിഥിയാകും. വനം വകുപ്പ് മേധാവി ബെന്നിച്ചൻ തോമസ്, സോഷ്യൽ ഫോറസ്ട്രി പി.സി.സി.എസ്. ഇ. പ്രദീപ്കുമാർ, വൈൽഡ് ലൈഫ് പി.സി.സി.എഫ് ജി. ഗംഗ സിംഗ്, പി.സി.സി.എഫ് മാരായ ഡോ.ഡി.ജയപ്രസാദ്, നോയൽ തോമസ്, പ്രകൃതി ശ്രീ വാസ്തവ, സി.എഫ് എ.പി. സുനിൽ ബാബു, ഡി.സി.എഫ് കെ. സജി തുടങ്ങിയവർ പങ്കെടുക്കും. തുടർന്ന് സംഘം വേമ്പനാട് കായലിലെ കണ്ടൽ വന പ്രദേശങ്ങൾ സന്ദർശിക്കും. ചൊവ്വാഴ്ച രാവിലെ 9 മുതൽ വിവിധ വിഷയങ്ങളിൽ ടെക്നിക്കൽ സെഷനുകൾ നടക്കും. വർക്ഷോപ്പ് 24ന് വൈകിട്ട് 4ന് സമാപിക്കും. ഇന്ന് രാവിലെ 10 മണിക്ക് കണ്ടൽകാടുകളുടെ വൈവിധ്യവും ജൈവ വ്യവസ്ഥയും എന്ന വിഷയത്തിൽ തളിപ്പറമ്പ് സർ സെയ്ദ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ സ്റ്റഡിസിന്റെ പ്രിൻസിപ്പൽ ഡോ.കെ.എം.ഖലീൽ, കണ്ടൽ കാടുകളുടെ നീണ്ടകാല സംരക്ഷണ മാർഗ്ഗങ്ങൾ എന്ന വിഷയത്തിൽ കെ.എഫ്.ആർ.ഐ പ്രിൻസിപ്പൽ സൈന്റിസ്റ്റ് ഡോ.പി.സുജനപാൽ എന്നിവർ വിഷയം അവതരിപ്പിക്കും. തുടർന്നുള്ള സെക്ഷനുകളിൽ ഇന്ത്യൻ ഫോറസ്റ്റ് സർവീസിലെ ഉദ്യോഗസ്ഥരായ പ്രമോദ് ജി.കൃഷ്ണൻ, എൻ.വാസുദേവൻ എന്നിവർ സംസാരിക്കും. ഉച്ചയ്ക്ക് ശേഷമുള്ള സെക്ഷനുകൾ ഫോറസ്റ്റ് കോളേജ് പ്ലാൻ ഫിസിയോളജി തലവൻ ഡോ.എ.വി.സന്തോഷ്കുമാർ, ഫോറസ്റ്റ് കോളേജ് പ്രഫസർ ഡോ.ടി.കെ.കുഞ്ഞാമു, വുഡ് സയൻസ് വകുപ്പ് തലവൻ ഡോ.ഇ.വി.അനൂപ് എന്നിവർ വിഷയം അവതരിപ്പിക്കും.

ആൾട്രോസ് ഐസിഎൻജി പുറത്തിറക്കി ടാറ്റാ മോട്ടോഴ്സ്

കൊച്ചി: ഇന്ത്യയിലെ മുൻനിര വാഹന നിർമ്മാതാക്കളായ ടാറ്റാ മോട്ടോർസ് രാജ്യത്തെ ആദ്യ ഇരട്ട സിലിണ്ടർ സിഎൻജി സാങ്കേതികവിദ്യയോടേയുള്ള ആൾട്രോസ് ഐസിഎൻജി പുറത്തിറക്കി. 7.55 ലക്ഷം രൂപയാണ് (ഓൾഇന്ത്യ എക്സ്ഷോറൂം) ആമുഖ വാഹനത്തിന്റെ ആമുഖ വില. മികച്ച സവിശേഷതകളോടെ അവതരിപ്പിക്കുന്ന ആൾട്രോസ് ഐസിഎൻജി ഒരു പ്രീമിയം ഹാച്ച്ബാക്കിന്റെ സുഖസൗകര്യവും ആഢംബരവും ഉറപ്പ് വരുത്തുന്നുണ്ടെന്ന് ടാറ്റാ മോട്ടോർ പാസഞ്ചർ വെഹിക്കിൾസ് ലിമിറ്റഡ്, ടാറ്റാ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റി ലിമിറ്റഡ് എന്നിവയുടെ മാനേജിങ്ങ് ഡയറക്ടറായ ശൈലേഷ് ചന്ദ്ര പറഞ്ഞു.വോയ്സ് അസിസ്റ്റഡ് ഇലക്ട്രിക് സൺറൂഫ്, വയർലസ് ചാർജർ, എയർ പ്യൂരിഫയർ എന്നിങ്ങനെയുള്ള നൂതനമായ സവിശേഷതകളോടേയാണ് ആൾട്രോസ് ഐസിഎൻജി വന്നെത്തുന്നത്. തിയാഗോയിലും ടിഗോറിലും ഐസിഎൻജി പരീക്ഷിച്ച് വിജയിച്ചശേഷം പുറത്തിറക്കുന്ന ആൾട്രോസ് ഐസിഎൻജി വ്യക്തിഗത സെഗ്മെന്റിലെ മൂന്നാമത്തെ സിഎൻജി വാഗ്ദാനമാണ്. കുറഞ്ഞ ചെലവും പരിസ്ഥിതി സൗഹാർദ്ദപരമായ ഡ്രൈവും മനസ്സിൽ കണ്ടുകൊണ്ട് ബദൽ ഇന്ധന വഴികൾ തേടുന്ന ഉപഭോക്താക്കൾ വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. വ്യാപകമായി എളുപ്പം ലഭിക്കുന്ന ഒരു ഇന്ധനമെന്ന നിലയിൽ സിഎൻജി ഏറെ അംഗീകാരം പിടിച്ചുപറ്റി കഴിഞ്ഞു. എന്നിരുന്നാലും, ഒരു സിഎൻജി കാർ തെരഞ്ഞെടുക്കുമ്പോൾ തങ്ങൾ അഭിലഷിക്കുന്ന സവിശേഷതകളുടെ അപര്യാപ്തതയും കുറഞ്ഞ ബൂട്ട് വലിപ്പവുമൊക്കെ പലരേയും മാറി ചിന്തിക്കാൻ പ്രേരിപ്പിക്കാറുണ്ട്. എന്നാൽ 2022 ജനുവരിയിൽ തിയാഗോവിലും ടിഗോവിലും അത്യാധുനികമായ ഐസിഎൻജി സാങ്കേതികവിദ്യ കൂട്ടിച്ചേർത്തുകൊണ്ട് സവിശേഷതകളുടെ കാര്യത്തിൽ ഇനി വിട്ടുവീഴ്ച്ച വേണ്ടിവരില്ല എന്ന് തങ്ങൾ കാട്ടിക്കൊടുത്തുവെന്നും ശൈലേഷ് ചന്ദ്ര പറഞ്ഞു. ഉന്നത നിലവാരമുള്ള പ്രകടനവും ഏറ്റവും മികച്ച സവിശേഷതകളുമായാണ് ആ മോഡലുകൾ പുറത്തിറക്കിയത്. അതുപോലെ ആൾട്രോസ് ഐസിഎൻജിയും സന്തോഷപൂർവ്വം പുറത്തിറക്കുന്നു. ഇവിടെ സിഎൻജി വിപണിയിലെ ഒരു പ്രധാന ഉൽകണ്ഠയായ ബൂട്ട് വലിപ്പത്തിന്റെ അപര്യാപ്തത പരിഹരിച്ചുകൊണ്ട് ഈ വ്യവസായ മേഖലയിലെ ആദ്യ വാഗ്ദാനം പുറത്തിറക്കി കൊണ്ട് സിഎൻജി വിപണിയെ തന്നെ പുനർ നിർവചിക്കുകയാണ് തങ്ങളെന്നും അദ്ദേഹം പറഞ്ഞുപ.ഉപഭോക്താക്കളുടെ ആവശ്യങ്ങൾ ആഴത്തിൽ മനസ്സിലാക്കിയതിന്റേയും എഞ്ചിനീയറിങ്ങ് മികവിന്റേയും തെളിവാണ് ആൾട്രോസ് ഐസിഎൻജി. ഇരട്ട സിലിണ്ടർ സിഎൻജി സാങ്കേതികവിദ്യ കണ്ടെത്തുകയും അത്യാധുനിക സവിശേഷതകൾ കൂട്ടിച്ചേർക്കുകയും ചെയ്തതിലൂടെ ഈ കാർ പരിഗണിക്കുന്ന കാര്യത്തിൽ വ്യക്തിഗത സെഗ്മെന്റിലെ ഉപഭോക്താക്കൾ ശക്തമായ താൽപ്പര്യം പ്രകടിപ്പിക്കുമെന്നാണ് തങ്ങളുടെ പ്രതീക്ഷയെന്നും അദ്ദേഹം വ്യക്തമാക്കി.ആറ് വേരിയന്റുകളിലായാണ് ആൾട്രോസ് ഐസിഎൻജി വാഗ്ദാനം ചെയ്യുന്നത്. എക്സ് ഇ, എക്സ് എം+, എക്സ് എം+ (എസ്), എക്സ് സെഡ്, എക്സ് സെഡ്+ (എസ്), എക്സ് സെഡ്+ 0 (എസ്) എന്നിവ ഓപ്പറാ ബ്ലൂ, ഡൗൺ ടൗൺ റെഡ്, ആർക്കേഡ് ഗ്രേ, അവന്യൂ വൈറ്റ് എന്നീ നിറങ്ങളിൽ ലഭ്യമാണ്. മൂന്ന് വർഷം/1,00,000 കിലോമീറ്റർ എന്ന സ്റ്റാൻഡേർഡ് വാറന്റിയോടു കൂടി വരുന്ന ആൾട്രോസ് ഐസിഎൻജി ഉടമസ്ഥതയുടെ മൊത്തം ചെലവ് കുറയ്ക്കുന്നുവെന്നും ശൈലേഷ് ചന്ദ്ര പറഞ്ഞു

റിലയൻസ് ഫൗണ്ടേഷൻ സ്കോളർഷിപ്പ്: 5,000 ബിരുദ വിദ്യാർത്ഥികളെ തിരഞ്ഞെടുത്തു

കൊച്ചി/ മുംബൈ: 27 സംസ്ഥാനങ്ങളിൽ നിന്നും നാല് കേന്ദ്ര ഭരണപ്രദേശങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 5000 ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്ക് 202223 ലെ റിലയൻസ് ഫൗണ്ടേഷൻ ബിരുദ സ്കോളർഷിപ്പുകൾ നൽകും. തിരഞ്ഞെടുക്കപ്പെട്ടവിദ്യാർത്ഥികൾക്ക് 2 ലക്ഷം രൂപ വരെ ഗ്രാന്റ് ലഭിക്കും.റിലയൻസ് ഫൗണ്ടേഷൻ ബിരുദ സ്കോളർഷിപ്പുകൾ വ്യത്യസ്ത പഠനശാഖകളിലെ വിദ്യാർത്ഥികൾക്ക് മെറിറ്റ് അടിസ്ഥാനത്തിലാണ് നൽകുന്നത്. എഞ്ചിനീയറിംഗ്/ടെക്നോളജി, സയൻസ്, മെഡിസിൻ, കൊമേഴ്സ്, ആർട്സ്, ബിസിനസ്/മാനേജ്മെന്റ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, നിയമം, വിദ്യാഭ്യാസം, ഹോസ്പിറ്റാലിറ്റി, ആർക്കിടെക്ചർ, മറ്റ് പ്രൊഫഷണൽ ബിരുദങ്ങൾ എന്നിവയുൾപ്പെടെയുള്ള സ്ട്രീമുകളിൽ നിന്നുള്ളവരാണ് ഈ വർഷം തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. 4,984 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഏകദേശം 40,000 അപേക്ഷകരിൽ നിന്ന് വിവിധ പരീക്ഷകളിലൂടെയാണ് വിജയികളെ തിരഞ്ഞെടുത്തത് . 51% പെൺകുട്ടികളാണ് ഈ വർഷത്തെ ലിസ്റ്റിൽ ഉള്ളത്. വികലാംഗരായ 99 വിദ്യാർത്ഥികളെയും സ്കോളർഷിപ്പുകൾക്കായി തിരഞ്ഞെടുത്തു. മികച്ച വിദ്യാഭ്യാസം സാധ്യമാക്കുന്നതിലൂടെ, യുവാക്കളുടെ സ്വപ്നങ്ങൾക്ക് ചിറകുനൽകാൻ റിലയൻസ് ഫൗണ്ടേഷൻ സ്കോളർഷിപ്പുകൾക്ക് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇന്ത്യയിലെ മിക്കവാറും എല്ലാ സംസ്ഥാനങ്ങളിൽ നിന്നുമുള്ള, വ്യത്യസ്ത പഠനശാഖകളിൽ നിന്നുമുള്ള കുട്ടികളെയാണ് തിരഞ്ഞെടുത്തിരിക്കുന്നത് .പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും തുല്യ പ്രാതിനിധ്യം ഞങ്ങൾ ഉറപ്പു വരുത്തി. ശക്തമായ ഒരു ഭാവി കെട്ടിപ്പടുക്കുന്നതിനൊപ്പം ഇവർ രാജ്യപുരോഗതിക്ക് സംഭാവന നല്കുമെന്നു ഞങ്ങൾക്ക് ഉറപ്പുണ്ട്, 'റിലയൻസ് ഫൗണ്ടേഷൻ സിഇഒ ശ്രീ ജഗന്നാഥ കുമാർ പറഞ്ഞു.കഴിഞ്ഞ ഡിസംബറിൽ തങ്ങളുടെ സാമൂഹിക പ്രതിബദ്ധത ശക്തിപ്പെടുത്തിക്കൊണ്ട്, അടുത്ത 10 വർഷത്തിനുള്ളിൽ 50,000 സ്കോളർഷിപ്പുകൾ നൽകുമെന്ന് റിലയൻസ് ഫൗണ്ടേഷൻ പ്രഖ്യാപിച്ചിരുന്നു. 1996 മുതൽ, ധീരുഭായ് അംബാനി സ്കോളർഷിപ്പുകൾ ഏകദേശം 13,000 ബിരുദ വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്, അതിൽ 2,720 പേർ വികലാംഗരാണ്.തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് കൂടുതൽ വിശദാംശങ്ങളെക്കുറിച്ച് നേരിട്ട് അറിയിപ്പ് ലഭിക്കും. അപേക്ഷകർക്ക് അവരുടെ ഫലം അറിയാൻ ൦൦൦.ൃലഹശമിരലളീൗിറമശേീി.ീൃഴ എന്ന വെബ്സൈറ്റ് സന്ദർശിച്ചാൽ മതി. റിലയൻസ് ഫൗണ്ടേഷൻ പോസ്റ്റ് ഗ്രാജുവേറ്റ് സ്കോളർഷിപ്പുകളുടെ റിസൾട്ട് ജൂലൈയിൽ പ്രഖ്യാപിക്കും. അടുത്ത ബിരുദ സ്കോളർഷിപ്പുകൾക്കുള്ള അപേക്ഷ വരും മാസങ്ങൾ ക്ഷണിക്കും.

വിപിഎസ് ലേക്ഷോറിൽ സൗജന്യ കോക്ലിയർ ഇംപ്ലാന്റിനായി ക്യാംപ്

കൊച്ചി:കേൾവിശക്തിയില്ലാത്ത കുട്ടികൾക്ക് സൗജന്യ കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തുന്നതിനായുള്ള ക്യാംപ് മെയ് 26, 27 തീയതികളിൽ വിപിഎസ് ലേക്ഷോറിൽ നടക്കും. ക്യാംപിൽ നിന്നും തെരഞ്ഞെടുക്കുന്ന 10 കുട്ടികൾക്കാണ് സൗജന്യമായി കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തുക. ആശുപത്രിയുടെ കോർപറേറ്റ് സാമൂഹിക പ്രതിബദ്ധത പ്രവർത്തനങ്ങളിൽ ഉൾപ്പെട്ട 'സ്നേഹസ്വരം' പദ്ധതിയുടെ ഭാഗമായാണ് ക്യാംപ് നടത്തുക. ആറു മാസം മുതൽ ആറു വയസ്സുവരെയുള്ള കുട്ടികൾക്ക് പങ്കെടുക്കാം. രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 മണി വരെ ആണ് ക്യാംപ്. മുൻപ് നടന്ന കോക്ലിയർ ഇംപ്ലാന്റ് ക്യാംപിൽ പങ്കെടുത്തവർ അപേക്ഷിക്കേണ്ടതില്ല. ക്യാംപയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്കായി 9961640000 എന്ന നമ്പറിൽ വിളിക്കുക. 'സ്നേഹസ്വരം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 5 കുട്ടികൾക്ക് സൗജന്യമായി കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ ചെയ്തിരുന്നു.

കൊച്ചി കോർപ്പറേഷനിൽ ഇനി 'ഹീൽ' കാമ്പസുകൾ

കൊച്ചി: കൊച്ചി നഗരത്തിന്റെ മാലിന്യ സംസ്ക്കരണത്തിൽ സാമൂഹിക അവബോധം സൃഷ്ടിക്കുന്നതിനും വിദ്യാർത്ഥികൾ വ്യക്തിപരമായി മാലിന്യം കുറക്കുന്നതിനെ സംബന്ധിച്ചു ബോധ്യമുള്ളവരാകുന്നതും ലക്ഷ്യംവെച്ച് കൊണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിബന്ധനകൾക്ക് വിധേയമായി 'ഹീൽ'കാമ്പസുകൾ ആക്കുന്നതിനും, ഓരോ വിദ്യാഭ്യാസ സ്ഥാപനവും തൊട്ടടുത്തുള്ള പ്രദേശം ദത്ത് എടുത്ത് മാലിന്യ നിർമ്മാർജ്ജന, ശുചിത്വ പരിപാടികൾ സംഘടിപ്പിക്കുകയും ആഘോഷങ്ങളും വിരുന്നുകളും നടക്കുന്ന ഇടങ്ങളിൽ ഇടപെടലിലൂടെ മാലിന്യം കുറക്കുന്നതിനും ശ്രമിക്കും. ഇതിന്റെ മുന്നോടിയായി സ്കൂളുകളിൽ പ്രത്യേക പിടിഎ മീറ്റിംഗുകൾ വിളിക്കുന്നതിനും ഈ വർഷത്തെ പരിസ്ഥിതി ദിനാചരണം മാലിന്യത്തിന്റെ വർദ്ധനവ് തടയുന്നതിനുള്ള വിവിധ പ്രവർത്തികളിലൂടെ ആചരിക്കുന്നതിനും തീരുമാനിച്ചു. കൊച്ചി നഗരസഭ പരിധിയിൽവരുന്ന സർക്കാർ, എയ്ഡഡ്, സ്വകാര്യസ്കൂൾ, കോളേജുകളിലെ പ്രധാന അധ്യാപകരുടെ യോഗത്തിലാണ് തീരുമാനം ഉണ്ടായത്. കൊച്ചി മേയർ അഡ്വ.എം.അനിൽകുമാർ യോഗം ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ കായികകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ വി.എ.ശ്രീജിത്ത് അദ്ധ്യക്ഷത വഹിച്ചു. യു കാൻ ഹീൽ കോർഡിനേറ്റർ ശ്രീ. ജോഷി വർഗീസ് വിഷയം അവതരിപ്പിച്ചു. എറണാകുളം, തൃപ്പൂണിത്തുറ, മട്ടാഞ്ചേരി എ.ഇ.ഒ മാർ ,ശുചിത്വ മിഷൻ ജില്ല കോർഡിനേറ്റർ മനോജ്, അമീർഷാ, ഇക്കോ ക്ലബ്ബ് ജില്ല പ്രസിഡൻറ് സുബൈർ, നീതു അലക്സാണ്ടർ എന്നിവർ സംസാരിച്ചു.

കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ ചങ്ങാതി പരീക്ഷ നടന്നു

കൊച്ചി: കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ 'ചങ്ങാതി' പരീക്ഷ നടന്നു. 21ാം വാർഡിലെ പീടികപ്പടിയിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ താമസ സ്ഥലത്ത് നടന്ന പരീക്ഷയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുരേഷ് മുട്ടത്തിൽ ചോദ്യപേപ്പർ വിതരണം ചെയ്തു.എടയാർ ഗവൺമെന്റ് സ്കൂളിൽ നടന്ന ചങ്ങാതി മികവുത്സവം പരീക്ഷയിൽ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ആർ രാജലക്ഷമി, വാർഡ് മെമ്പർ സുനിതകുമാരി എന്നിവരുടെ അധ്യക്ഷതയിൽ പഠിതാക്കൾക്ക് ചോദ്യപേപ്പർ വിതരണം ചെയ്തു. 164 പേർ എഴുതിയ പരീക്ഷയിൽ 52 പേർ സ്ത്രീകളും 112 പേർ പുരുഷൻമാരും ആയിരുന്നു. സാക്ഷരതാ മിഷൻ ജില്ലാ കോഓഡിനേറ്റർ ദീപ ജയിംസ്, അസിസ്റ്റന്റ് കോ ഓഡിനേറ്റർ കൊച്ചുറാണി മാത്യു, കെ.എം സുബൈദ, ബ്ലോക്ക് കോ ഓഡിനേറ്റർ എൽസി, പഞ്ചായത്ത് കോഓഡിനേറ്റർ റംലാ സലാം, ഇൻസ്ട്രക്ടർമാരായ സബിത, ഹരീന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.

സർക്കാരിന്റെ വ്യവസായ നയം വ്യോമയാന മേഖലയിൽ കൂടുതൽ തൊഴിൽ സൃഷ്ടിക്കും: മന്ത്രി പി രാജീവ്

കൊച്ചി: സംസ്ഥാന സർക്കാരിന്റെ പുതിയ വ്യവസായ നയം വ്യോമയാനഅനുബന്ധ മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുമെന്ന് മന്ത്രി പി.രാജീവ് പറഞ്ഞു. കൊച്ചി അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡിന്റെ (സിയാൽ) ആറ് പുതിയ സംരംഭങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ടുള്ള സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.സിയാലിന്റെ ഉപകമ്പനിയായ കൊച്ചിൻ ഇന്റർനാഷണൽ ഏവിയേഷൻ സർവീസസ് ലിമിറ്റഡിന്റെ വിമാന അറ്റകുറ്റപ്പണി ഹാംഗറിൽ ഏർപ്പെടുത്തിയ ആധുനിക സൗകര്യങ്ങൾ ഉൾപ്പെടെയുള്ള പദ്ധതികളുടെ ഉദ്ഘാടനമാണ് നടന്നത്. സർക്കാരിന്റെ പുതിയ വ്യവസായ നയത്തിൽ 22 മുൻഗണനാ മേഖലകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് മന്ത്രി പി രാജീവ് പറഞ്ഞു. വ്യോമയാന അനുബന്ധ സൗകര്യവികസനം അതിൽപ്പെടും. സി.ഐ.എസ്.എൽ ഹാംഗറിന്റെ നടത്തിപ്പ് ചുമതലയുള്ള എയർവർക്സ് ലിമിറ്റഡ് തങ്ങൾക്ക് ദക്ഷിണേഷ്യയിൽ തന്നെയുള്ള ഏറ്റവും മികച്ച വിമാന അറ്റകുറ്റിപ്പണി കേന്ദ്രമാണ് സിയാലിലേത് എന്ന് അറിയിച്ചിട്ടുണ്ട്. ഇവിടെ ഇപ്പോൾ തന്നെ മുന്നോറോളം പേർ ജോലി ചെയ്യുന്നു. സർക്കാരിന്റെ വ്യവസായ നയത്തിൽ ഇത്തരം മേഖലകളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ തൊഴിലവസരങ്ങൾ കേരളത്തിൽ സൃഷ്ടിക്കപ്പെടാൻ ഇത് ഉപകരിക്കുമെന്ന് കരുതുന്നുവെന്നും മന്ത്രി പറഞ്ഞു.ഹാംഗറിന്റെ ഓട്ടോമാറ്റിക് ഡോർ സംവിധാനം, കൊച്ചി വിമാനത്താവളത്തിന്റെ സുരക്ഷാ സംവിധാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി വാങ്ങിയ ബുള്ളറ്റ് റെസിസ്റ്റന്റ് വെഹിക്കൾ, ഏപ്രണിലെ പുതിയ ലൈറ്റിങ് സംവിധാനം എന്നിവയും മന്ത്രി ഉദ്ഘാടനം ചെയ്തു. ഹാംഗറിൽ അറ്റകുറ്റപ്പണി പൂർത്തിയാക്കിയ ആദ്യ വിദേശ വിമാനത്തിന്റെ സർട്ടിഫിക്കറ്റ് മന്ത്രിയിൽ നിന്ന് സൗദി അറേബ്യൻ എയർലൈൻ ആയ ഫ്ളൈനാസിന്റെ മെയിന്റനൻസ് മാനേജർ ഹമീദ് ഹുസൈൻ ഏറ്റുവാങ്ങി. വിമാനത്താവളത്തിലേയ്ക്കുള്ള പ്രധാന റോഡിന് സമാന്തരമായി നിർമിച്ച സർവീസ് റോഡ് ആലുവ എം.എൽ.എ അൻവർ സാദത്ത് ഉദ്ഘാടനം ചെയ്തു. കാലടി ഭാഗത്ത് നിന്ന് വരുന്ന യാത്രക്കാർക്ക് എളുപ്പത്തിൽ വിമാനത്താവളത്തിലേയ്ക്ക് എത്താൻ പണികഴിപ്പിച്ച റോഡ് അങ്കമാലി എം.എൽ.എ റോജി എം.ജോൺ ഉദ്ഘാടനം ചെയ്തു.സിയാൽ മാനേജിങ് ഡയറക്ടർ എസ്.സുഹാസ്,സിയാൽ ഡയറക്ടർ എൻ.വി. ജോർജ്സി.ഐ.എ.എസ്.എൽ മാനേജിങ് ഡയറക്ടർ സന്തോഷ് ജെ.പൂവട്ടിൽ, എയർവർക്സ് മാനേജിങ് ഡയറക്ടർ ആനന്ദ് ഭാസ്ക്കർ തുടങ്ങിയവർ പങ്കെടുത്തു.

താൽപര്യപത്രം ക്ഷണിച്ചു

കൊച്ചി:സംസ്ഥാന വനിതാ ശിശുവികസന വകുപ്പ് സ്റ്റേറ്റ് നിർഭയസെല്ലിനു കീഴിൽ തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, കൊല്ലം, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിൽ അതിജീവിതരായ പെൺകുട്ടികൾക്കായി എൻട്രി ഹോം പ്രവർത്തിപ്പിക്കുവാൻ താൽപര്യമുള്ളതും സ്ത്രീകളുടെയും കുട്ടികളുടെയും പുനരധിവാസ മേഖലയിലും അവരെ മുഖ്യധാരയിലേക്ക് ഉൾച്ചേർക്കുന്ന പ്രക്രിയയിലും (പ്രത്യേകിച്ച് അതിജീവിതരെ) പരിചയസമ്പന്നരായ സന്നദ്ധസംഘടനകളിൽ നിന്നു താൽപര്യപത്രം ക്ഷണിച്ചു. 2015 ലെ ബാലനീതി നിയമവും ചട്ടങ്ങളും അനുസരിച്ചുള്ള ഭൗതികസാഹചര്യങ്ങളും പ്രവർത്തനവും നിർബന്ധമാണ്. കുട്ടികളെ പാർപ്പിക്കുന്നതിനായി ജെ.ജെ. നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിലുള്ള കെട്ടിടം സ്വന്തമായുള്ള സംഘടനകൾക്ക് മുൻഗണന നൽകും. അപേക്ഷാ ഫോം, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ഓഡിറ്റ് റിപ്പോർട്ട്, 2 വർഷത്തെ പ്രവർത്തന റിപ്പോർട്ട്, കെട്ടിടത്തിന്റെ പ്ലാൻ (ലഭ്യമാണെങ്കിൽ മാത്രം) തുടങ്ങിയവ ഉൾക്കൊള്ളിച്ചു പ്രൊപ്പോസൽ ജൂൺ ആറിനു വൈകീട്ട് അഞ്ചിനു മുമ്പായി സ്റ്റേറ്റ് കോഓർഡിനേറ്റർ, നിർഭയസെൽ, ഹൗസ് നം. 40, ചെമ്പകനഗർ, ബേക്കറി ജംഗ്ഷൻ, തിരുവനന്തപുരം 12 എന്ന വിലാസത്തിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക്: www.wcd.kerala.gov.in, 04712331059, Mail Id: nirbhayacell@gmail. com. ഓരോ ജില്ലയിലേക്കും പ്രത്യേകം അപേക്ഷകൾ നൽകണം.

തായ്ക്വോണ്ടോ പ്രീമിയർ ലീഗ്: ടീമുകളെ പ്രഖ്യാപിച്ചു

TAEKWONDO PREMIER LEAGUE

COURTESY - INTEGRITY - PERSEVERANCE - SELF CONTROL - INDOMITABLE SPIRIT

ഹൈദരാബാദ്: ജൂൺ 22 മുതൽ 26 വരെ ന്യൂഡൽഹിയിലെ തൽക്കത്തോറ സ്റ്റേഡിയത്തിൽ നടക്കുന്ന ഇന്ത്യൻ തായ്കോണ്ടോപ്രീമിയർ ലീഗിനുള്ള ടീമുകളെ പ്രഖ്യാപിച്ചു. ആകെയുള്ള എട്ട് ടീമുകളിൽ നാലിന്റെയും ഉടമകൾ വനിതകളാണെന്ന പ്രത്യേകതയും തായ്കോണ്ടോ പ്രീമിയർ ലീഗിനുണ്ട്. പ്രീമിയർ ലീഗിന്റെ മൂന്നാമത്തെ സ്ഥാപക ഡയറക്ടർമാരിൽ ഒരാളായ നവനീത ബച്ചു ഇന്ത്യയിലെ ആദ്യത്തെ വനിതാ തായ്കോണ്ടോ പരിശീലക കൂടിയാണ്. 2013ലെ മിസ് ഏഷ്യാ പസഫിക് വേൾഡ് സൃഷ്ടി റാണ (ഹരിയാന ഹണ്ടേഴ്സ്), വജ്ര വ്യാപാരിയായ രുചിത മിത്തൽ (മഹാരാഷ്ട്ര അവഞ്ചേഴ്സ്), ഹോസ്പിറ്റാലിറ്റി സംരംഭകയായ ശിൽപ പട്ടേൽ (ബെംഗളൂരു നിൻജാസ്), ഇഷ പട്ടേൽ (ചെന്നൈ സ്ട്രൈക്കേഴ്സ്) എന്നിവരാണ് വനിതകളായ ഫ്രാഞ്ചൈസി ഉടമകൾ. ഗ്ലോബൽ സ്പോർട്സിന്റെ ഉടമ ശ്യാം പട്ടേൽ (ഡൽഹി വാരിയേഴ്സ്), ഐമാർക്ക് ഡെവലപ്പേഴ്സ് ചെയർമാൻ അല്ലു വെങ്കട്ട് റെഡ്ഡി (ഹൈദരാബാദ് ഗ്ലൈഡേഴ്സ്), വിജയ് കുമാർ ബൻസാലി (ഗുജറാത്ത് തണ്ടേഴ്സ്), 2006 മിസ്റ്റർ ഇന്ത്യ ജേതാവ് ബിജിത് ഗൊഗോയ് (അസം ഹീറോസ്) എന്നിവരാണ് മറ്റു ടീം ഉടമകൾ. പുരുഷ ലീഗിന് ശേഷം ഖത്തറിലെ ദോഹയിൽ ഒരു അന്താരാഷ്ട്ര ലീഗ് നടത്തുമെന്ന് ഹൈദാരാബാദിൽ നടന്ന ഗ്രീറ്റ് ആൻഡ് മീറ്റ് ചടങ്ങിൽ ലീഗ് സ്ഥാപക ഡയറക്ടർമാരയ ഡോ. വെങ്കിട്ട കെ ഗഞ്ചം, ദുവ്വുരി ഗണേഷ് എന്നിവർ അറിയിച്ചു. അതിനുശേഷം, വനിതകൾക്കായും തുടർന്ന് കുട്ടികൾക്കും ലീഗ് സംഘടിപ്പിക്കും. ഇത് വർഷം മുഴുവൻ നീളുന്ന ഇന്ത്യയിലെ ആദ്യത്തെ ലീഗായി മാറുമെന്നും അദ്ദേഹം പറഞ്ഞു. ഇതാദ്യമായി ടീം ഫോർമാറ്റിലായിരിക്കും തായ്കോണ്ടോ മത്സരങ്ങൾ അരങ്ങേറുക. ഓരോ ടീമിലും അഞ്ച് താരങ്ങളാണ് ഉണ്ടാവുക. മത്സര വേഗവും ആവേശവും നിലനിർത്താൻ 58.167.9 കിഗ്രാം വിഭാഗത്തിലേക്കായി മത്സരങ്ങൾ പരിമിതപ്പെടുത്തിയിട്ടുണ്ട്. ദക്ഷിണ കൊറിയയിൽ നിന്ന് ഉത്ഭവിച്ച തായ്കോണ്ടോ, കിക്കിങും പഞ്ചിങും ഉൾപ്പെടുന്ന ഒരു ആയോധന കലയാണ്. 200 രാജ്യങ്ങളിലായി 20 ദശലക്ഷത്തിലധികം അത്‌ലറ്റുകൾ ഒളിമ്പിക് കായിക ഇനം കൂടിയായ തായ്കോണ്ടോ പരിശീലിക്കുന്നുണ്ട്.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !
SHOT AT OWN SITE
THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | CUSTOMER SATISFACTION 100% GUARANTEED | CERTIFIED ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065,
RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663